2026 OCTOBER 5

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122



## സങ്കട മോചനനായ മാരുതി

## ക്യാപ്റ്റൻ സ്മിത് മച്ചാറിന്റെ പ്രാർത്ഥന



## മലയാള സർവകലാശാലയിൽ ഫൊക്കാനയുടെ ലഹരിവിരുദ്ധ ബോധവത്ക്കരണം


450+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
THE RESPONSIBLE JEWELLER™
A Legacy Built on Trust.
A Responsibility We Uphold.

# സങ്കടമോചനനായ മാരുതി എന്ന വിശ്വാസം



**സുധീർ പണിക്കവീട്ടിൽ**

ഫ്ളൈദുബായ് വിമാനത്തിലെ കാപ്റ്റൻ സ്മിത് മച്ചാറിനെ മത തീവ്രവാദി എന്ന് ഇപ്പോൾ സംശയിക്കപ്പെടുന്ന കോ-പൈലറ്റ് ആക്രമിച്ചപ്പോൾ ധൈര്യത്തിനായി ഹനുമാൻ ചാലിസ ചൊല്ലി എന്ന് അദ്ദേഹം പ്രധാനമന്ത്രിയോട് പറഞ്ഞതായി നമ്മൾ ടി.വി. യിലൂടെ കേട്ടു. ഇത് അദ്ദേഹത്തിന്റെ വിശ്വാസമാണ്. വിശ്വാസം എന്നത് തെളിവുകളുടെ പൂർണ്ണമായ സാന്നിധ്യമില്ലാതെ തന്നെ ഒരു കാര്യത്തിലോ, ആശയത്തിലോ, ദൈവത്തിലോ ഉറച്ചു



നിൽക്കുന്ന മാനസികാവസ്ഥയാണ്. നമുക്ക് എന്താണ് ഹനുമാൻ ചാലിസ എന്ന് അറിയാൻ ശ്രമിക്കാം.

ഒരിക്കൽ, അക്ബറിനു ശ്രീരാമാനുമായുള്ള ഒരു കൂടിക്കാഴ്ച വേണമെന്ന ഒരു ചിന്തയുണ്ടായി. അതിനവസരമുണ്ടാക്കികൊടുക്കാൻ തുളസിദാസ് ഗോസ്വാമിജിയെ തന്റെ സദസ്സിലേക്ക് വിളിപ്പിക്കുകയും തന്റെ ആഗ്രഹം നിർവഹിച്ചുകൊടുക്കണമെന്നു ആവശ്യപ്പെടുകയുംചെയ്തു. തന്റെ ഭക്തർക്ക് മാത്രമേ ശ്രീരാമൻ ദർശനം നൽകാറുള്ളൂ എന്ന തുളസീദാസിന്റെ മറുപടി കേട്ട അക്ബർ

കോപാകുലനായി ഗോസ്വാമി തുളസീദാസിനെ തടവിലാക്കി. തടവിലായിരുന്നപ്പോൾ ഗോസ്വാമിജി അവധി ഭാഷയിൽ 'ഹനുമാൻ ചാലിസ' രചിച്ചു. ഭക്തിപൂർവ്വം ആ സൃഷ്ടി നിർവഹിക്കപ്പെട്ട ഉടൻ തന്നെ കാരാഗ്രഹത്തിനു ചുറ്റും , കുരങ്ങന്മാർ വളയുകയും ആക്രമണം അഴിച്ചുവിടുകയും വളരെ അധികം നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. കുരങ്ങന്മാരെ നിയന്ത്രിക്കാൻ കൊട്ടാരത്തിലെ പട്ടാളക്കാർക്ക് സാധിച്ചില്ല. സ്ഥിതിഗതികൾ വഷളാകുന്നുവെന്നു കണ്ട് ഒരു മന്ത്രിയുടെ ഉപദേശപ്രകാരം അക്ബർ തുളസീദാസിനെ ജയിൽമോചിതനാക്കി. തുളസീദാസ് മോചിതനായ നിമിഷം തന്നെ ആ പ്രദേശത്തുണ്ടായിരുന്ന കുരങ്ങുകൾ അവിടം വിട്ടുപോയി. ഈ അസാധാരണ സംഭവത്തെത്തുടർന്ന് ഗോസ്വാമി തുളസീദാസിന്റെ കീർത്തി ദൂരദേശങ്ങളിലേക്ക് പരക്കാൻ തുടങ്ങി.



പതിനാറാം നൂറ്റാണ്ടിലെ ഹിന്ദു കവിയും സന്യാസിയും തത്വചിന്തകനുമായ തുളസീദാസ് 'ഹനുമാൻ ചാലിസ' കൂടാതെ രാമചരിതമാനസ്* ഉൾപ്പെടെ രചിച്ചിട്ടുള്ള അദ്ദേഹത്തിന്റെ കൃതികൾക്ക് ഹൈന്ദവധർമ്മത്തിൽ ഉന്നതമായ സ്ഥാനമാണുള്ളത്. അവ അതീവ ഭക്തിബഹുമാനങ്ങളോടെ ആദരിക്കപ്പെടുകയും ചെയ്യുന്നു. ശ്രീരാമന്റെ അടിയുറച്ച ഭക്തനായ ഹനുമാന്റെ ഗുണങ്ങൾ, വീര്യം, പരിശുദ്ധമായ സ്വഭാവം എന്നിവയെക്കുറിച്ച് നാൽപ്പത് 'ചൗപായി'കളിലായി (നാല് വരികളുള്ള ശ്ലോകങ്ങൾ) ഈ കൃതി വിവരിക്കുന്നു. ഹിന്ദുമതവിശ്വാസികൾ , ചൊവ്വ, ശനി ദിവസങ്ങൾ ബജ്രംഗ്ബലിക്ക് (ഹനുമാൻ) സമർപ്പിക്കപ്പെട്ടവയായി കണക്കാക്കപ്പെടുന്നു. എം.എസ്. സുബ്ബുലക്ഷ്മി, ലതാ മങ്കേഷ്കർ, മഹേന്ദ്ര കപൂർ, എസ്.പി. ബാലസുബ്രഹ്മണ്യം, ശങ്കർ മഹാദേവൻ, അനുരാധ പൗഡ്വാൾ, തുടങ്ങിയവർ ഹനുമാൻ ചാലിസ് ആലപിച്ചിട്ടുണ്ട്.

ശ്രീറാം ഭക്തനായ ഹനുമാന് സമർപ്പിക്കപ്പെട്ട കാവ്യ രചനയാണ് ഹനുമാൻ ചാലിസ. വടക്കേ ഇന്ത്യയിൽ പ്രചാരത്തിലുള്ള ഒന്നാണ്ഹനുമാൻ ചാലീസ. സനാതന ധർമ്മത്തിൽ, ധീരതയുടെയും ഭക്തിയുടെയും ആത്മധൈര്യത്തിന്റെയും മൂർത്തിമദ്ഭാവമായാണ് ഹനുമാൻ സ്വാമിയെ കണക്കാക്കുന്നത്. ഹനുമാൻ ഒരു ഹിന്ദു ദേവനും ശ്രീരാമന്റെ ഭക്തനുമാണ്. രാമായണത്തിലെ പ്രധാന കഥാപാത്രങ്ങളിൽ ഒരാളാണ് അദ്ദേഹം. ശൈവ പാരമ്പര്യമനുസരിച്ച്, അദ്ദേഹം ശിവന്റെ ഒരു അവതാരം കൂടിയാണ്. ഹനുമാൻ ബജ്രംഗ്ബലി, പവൻപുത്രൻ, മാരുതിനന്ദനൻ, കേസരിനന്ദനൻ, മഹാവീരൻ തുടങ്ങിയ പേരുകളിലും അറിയപ്പെടുന്നു. ഹൈന്ദവ ഗ്രന്ഥങ്ങൾ പ്രകാരം ഹനുമാൻ നിത്യനും

അമർത്യനുമാണ്. ഹനുമാനെ ധ്യാനിക്കുന്നതും അദ്ദേഹത്തിന്റെ മന്ത്രങ്ങൾ നിത്യവും ജപിക്കുന്നതും എല്ലാ ഭയങ്ങളെയും അകറ്റുന്നുവെന്നാണ് ഹൈന്ദവ വിശ്വാസം.

കടുത്ത പ്രതിസന്ധി ഘട്ടങ്ങളിൽ ഹനുമാൻജിയുടെ ദൈവികമായ സഹായം ലഭ്യമാക്കാൻ ചാലിസ ചൊല്ലുന്നത് സഹായിക്കുമെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. ഹിന്ദുമതത്തിലെ ഏറ്റവും ജനപ്രിയവും വ്യാപകമായി ചൊല്ലപ്പെടുന്നതുമായ സ്തുതിഗീതങ്ങളിൽ ഒന്നാണ്. ഹനുമാൻ ചാലിസ. നിരവധി ഭക്തർ ദിവസവും ഇത് ചൊല്ലാറുണ്ട്.

ചാലിസ' എന്ന വാക്ക് 'നാൽപത്' (40) എന്നതിനെ സൂചിപ്പിക്കുന്നു. ഈ കാവ്യം 40 വരികളുള്ള ശ്ലോകങ്ങളും (ചൗപായികൾ), അവയ്ക്ക് മുൻപും പിൻപുമായി വരുന്ന ചെറിയ ഈരടികളും (ദോഹകൾ) ഉൾപ്പെടെ ആകെ 43 വരികൾ ചേർന്നതാണ്. ഹനുമാന് ശ്രീരാമനോടുള്ള അചഞ്ചലമായ ഭക്തിയും രാമനോടുള്ള സമർപ്പണവും, സീതയെ അന്വേഷിച്ച് സമുദ്രം ചാടി കടന്നത്, ലങ്കയ്ക്ക് തീ കൊളുത്തിയത് ലക്ഷ്മണനെ രക്ഷിക്കാൻ മൃതസഞ്ജീവനി കൊണ്ടുവന്നത് തുടങ്ങി രാമായണത്തിലെ പ്രധാന സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. ഹനുമാൻ സ്വാമിയുടെ അളവറ്റ ശക്തി, ധൈര്യം, ജ്ഞാനം, ബ്രഹ്മചര്യം , ബുദ്ധിശക്തി തുടങ്ങിയ ദിവ്യ ഗുണങ്ങളെ ഇതിൽ വാഴ്ത്തുന്നു. ഭയം, ഉത്കണ്ഠ, തടസ്സങ്ങൾ എന്നിവ മറികടക്കാൻ ഭക്തർ ഈ സ്തോത്രം ജപിക്കുന്നു; ഹനുമാന്റെ സംരക്ഷകമായ അനുഗ്രഹവും ആന്തരിക ശക്തിയും ഇതിലൂടെ ലഭിക്കുമെന്ന് അവർ വിശ്വസിക്കുന്നു.



ഇരുപത്തിനാലാമത്തെ ശ്ലോകം താഴെ പറയുന്നതാണ്. ഇത് ഭക്തർ കൂടുതൽ തവണ ആവർത്തിക്കുന്നു.

ഭൂത പിശാച നികട നഹി ആവൈ ?

മഹവീര ജബ നാമ സുനാവൈ

=മഹാവീരനായ അങ്ങയുടെ നാമം ജപിക്കുമ്പോൾ പ്രേതങ്ങളോ ദുഷ്ടശക്തികളോ അടുത്തെത്തുന്നില്ല. ഇത് ഭയവും നെഗറ്റീവ് ഊർജ്ജവും അകറ്റാൻ സഹായിക്കുന്നു.

ഹനുമാൻ ചാലിസ അവസാനിക്കുന്നത് താഴെ പറയുന്ന വരികളോടെയാണ്.

പവന തനയ സംകട ഹരണ - മംഗള മൂർത്തി രൂപ് ?

രാമ ലഖന സീതാ സഹിത് - ഹൃദയ ബസഹു സുർ ഭൂപ്

=വായുപുത്രാ, ദുഃഖനാശകാ, മംഗളസ്വരൂപാദയവായി രാമനോടും ലക്ഷ്മണനോടും സീതയോടുമൊപ്പം എന്റെ ഹൃദയത്തിൽ വസിച്ചരുളേണമേ.

ഹനുമാൻ ചാലിസ വായിക്കാൻ താൽപ്പര്യമുള്ളവർക്ക് നാട്ടിലെ ആത്മീയ പുസ്തകശാലകളിൽ നിന്നോ ഇവിടെ വാൾമാർട്ടിൽ നിന്നോ വാങ്ങാവുന്നതാണ്.

ശുഭം

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# അഴിമതി അവസാനിപ്പിക്കാനും ജീവിതച്ചെലവ് കുറയ്ക്കാനും പോരാടും: കെയ്റ്റ് കോൺലി

ഓറഞ്ച്ബർഗ്, ന്യൂയോർക്ക്: അഴിമതി അവസാനിപ്പിക്കുകയും സാധാരണക്കാരുടെ ജീവിതച്ചെലവ് കുറയ്ക്കുകയും ചെയ്യുന്നതിന് മുൻഗണന നൽകുമെന്ന് ന്യൂയോർക്കിലെ 17-ാം കോൺഗ്രസ് ഡിസ്ട്രിക്റ്റിൽ നിന്ന് ഡെമോക്രാറ്റിക് സ്ഥാനാർഥിയായി മത്സരിക്കുന്ന കെയ്റ്റ് കോൺലി. അമേരിക്കയുടെ ജനാധിപത്യ മൂല്യങ്ങളും ഭരണഘടനാപരമായ സംവിധാനങ്ങളും സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും ഉത്തരവാദിത്തമാണെന്നും അവർ പറഞ്ഞു.

ഓറഞ്ച്ബർഗിലെ സിറ്റാർ പാലസിൽ റോക്ക് ലാൻഡിലെ ആദ്യകാല മലയാളി രാഷ്ട്രീയ നേതാവായ കുരുവിള ചെറിയാന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച തെരെഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ കൗണ്ടി ലെജിസ്ളേറ്റർ ഡോ. ആനി പോൾ അടക്കം ഒട്ടേറെ മലയാളികളും മാറ്റ് ഇന്ത്യൻ വംശജരും പങ്കെടുത്തു.

തന്റെ സൈനിക സേവനാനുഭവങ്ങളും ദേശീയ സുരക്ഷാ രംഗത്തെ പ്രവർത്തനങ്ങളും വിശദീകരിച്ച കോൺലി, ഇറാഖിലും അഫ്ഗാനിസ്ഥാനിലുമായി ആറ് സൈനിക ദൗത്യങ്ങളിൽ പങ്കെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കി. വൈറ്റ് ഹൗസിലെ ദേശീയ സുരക്ഷാ കൗൺസിലിൽ ഭീകരവിരുദ്ധ വിഭാഗത്തിന്റെ ഡയറക്ടറായും പിന്നീട് രാജ്യത്തെ നിർണായക അടിസ്ഥാന സൗകര്യങ്ങളുടെ സൈബർ സുരക്ഷാ ചുമതലയുള്ള ഏജൻസിയിൽ മുതിർന്ന ഉപദേഷ്ടാവായും പ്രവർത്തിച്ചിട്ടുണ്ട്. 2024-ലെ തിരഞ്ഞെടുപ്പ് സുരക്ഷാ ദൗത്യത്തിന് നേതൃത്വം നൽകിയ



താായും അവർ കൂട്ടിച്ചേർത്തു.

അമേരിക്കയുടെ നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ അഴിമതി, അധികാരദുർവിനിയോഗം, ജനങ്ങളുടെ സാമ്പത്തിക പ്രതിസന്ധി എന്നിവ ഗൗരവമായി കാണേണ്ട വിഷയങ്ങളാണെന്ന് കോൺലി അഭിപ്രായപ്പെട്ടു. കോൺഗ്രസ് അംഗങ്ങളുടെ ഓഹരി വ്യാപാരത്തിന് നിയന്ത്രണം ഏർപ്പെടുത്തുക, ഭരണകൂടത്തിലെ രാഷ്ട്രീയ നിയമനങ്ങൾ ഉൾപ്പെടെയുള്ളവരുടെ സാമ്പത്തിക ഇടപാടുകളിൽ സുതാര്യത ഉറപ്പാക്കുക തുടങ്ങിയ നിർദേശങ്ങളും അവർ മുന്നോട്ടുവച്ചു.

ആരോഗ്യപരിരക്ഷാ ചെലവുകൾ കുറയ്ക്കുന്നതിനും മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും മെഡികെയറിന് മരുന്നുവില ചർച്ച ചെയ്യാനുള്ള അധികാരം നൽകുന്നതിനും പിന്തുണ പ്രഖ്യാപിച്ചു. കുത്തക കമ്പനികളുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണം കൊണ്ടുവരുകയും അനാവശ്യ ചെലവുകൾ ഉപഭോക്താക്കളിലേക്ക് കൈമാറുന്നത് തടയുകയും വേണമെന്നും അവർ പറഞ്ഞു. വിദ്യാർഥികളുടെ വായ്പാഭാരം കുറയ്ക്കുന്നതിനും യുവാക്കൾക്ക് പൊതുസേവന രംഗത്ത് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിനും നടപടികൾ വേണമെന്നും പ്രസംഗത്തിൽ വ്യക്തമാക്കി.

അതിർത്തി സുരക്ഷ ദേശീയ സുരക്ഷയുടെ ഭാഗമാണെന്ന് ചൂണ്ടിക്കാട്ടിയ കോൺലി, നിലവിലെ കുടിയേറ്റ സംവിധാനം പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയും ഉന്നയിച്ചു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെയും മയക്കുമരുന്ന് കടത്തുകാരെയും മനുഷ്യക്കടത്ത് സംഘങ്ങളെയും തടയുന്നതിനൊപ്പം, നിയമപരമായ കുടിയേറ്റ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കണമെന്നും അവർ അഭിപ്രായപ്പെട്ടു.





നിർമിതബുദ്ധി (എഐ) മേഖലയിൽ ഫെഡറൽ സർക്കാർ നിയന്ത്രണങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും കൊണ്ടുവരണമെന്നും കോൺലി ആവശ്യപ്പെട്ടു. നിർണായക അടിസ്ഥാന സൗകര്യങ്ങളിൽ എഐ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട സുരക്ഷാ പ്രശ്നങ്ങൾ നേരിട്ട് കൈകാര്യം ചെയ്ത അനുഭവം തനിക്കുണ്ടെന്നും അവർ വിശദീകരിച്ചു.

ഇറാനുമായി ബന്ധപ്പെട്ട സൈനിക നടപടികളിൽ കോൺഗ്രസ് കൂടുതൽ നിയന്ത്രണാധികാരം വിനിയോഗിക്കേണ്ടതുണ്ടെന്നും നയതന്ത്ര ചർച്ചകളിലൂടെ സംഘർഷം കുറയ്ക്കണമെന്നും കോൺലി പറഞ്ഞു. സുപ്രീം കോടതി ജഡ്ജിമാർക്ക് കാലാവധി നിശ്ചയിക്കുന്നതിനുള്ള പരിഷ്കാരങ്ങളും കോൺഗ്രസിന്റെ മേൽനോട്ടാധികാരം ശക്തിപ്പെടുത്തുന്നതും പരിഗണിക്കേണ്ടതാണെന്ന് അവർ കൂട്ടിച്ചേർത്തു .

ന്യൂയോർക്കിലെ സംസ്ഥാന -പ്രാദേശിക നികുതികളുമായി ബന്ധപ്പെട്ട ഫെഡറൽ ഇളവുകളുടെ പരിധി നീക്കണമെന്നും സമ്പന്നരായ വ്യക്തികൾ നികു

തി വെട്ടിപ്പ് നടത്താൻ ഉപയോഗിക്കുന്ന പഴുതുകൾ അടയ്ക്കണമെന്നും കോൺലി ആവശ്യപ്പെട്ടു.

'ഇത് ഡെമോക്രാറ്റുകളും റിപ്പബ്ലിക്കൻമാരും തമ്മിലുള്ള പോരാട്ടം മാത്രമല്ല, അമേരിക്കൻ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പോരാട്ടമാണ്. ജനാധിപത്യം സ്വയം സംരക്ഷിക്കപ്പെടില്ല. അതിനായി ഓരോരുത്തരും ധൈര്യത്തോടെ മുന്നോട്ടുവരണം' എന്ന ആഹ്വാനത്തോടെയാണ് കോൺലി പ്രസംഗം അവസാനിപ്പിച്ചത്.







JOHN
ISAAC
FOR NY STATE ASSEMBLY

PUBLIC SAFETY | EDUCATION
YONKERS FIRST | AFFORDABILITY



(914) 350-0590

VOTEJOHNISAAC.COM

VOTE NOVEMBER 3, 2026

### പുസ്തക പരിചയം - 41

# തെരേസാ ടോമിന്റെ കവിതകൾ (കവിതാസമാഹാരം)

### തെരേസ ടോം






പുസ്തക പരിചയം
തയ്യാറാക്കിയത്
ബാജി ഓടംവേലി, ഡാലസ്

ജീവിതത്തിന്റെ നേർക്കാഴ്ചകളാണ് തെരേസാ ടോമിന്റെ കവിതകളുടെ പ്രത്യേകത. അധ്യാപികയായി മൂന്നര പതിറ്റാണ്ടുകാലം സേവനമനുഷ്ഠിച്ചതിനാൽ ജീവിതത്തിന്റെ വ്യത്യസ്ത വഴികളിലുള്ള മനുഷ്യരുടെ ജീവിതത്തെ നേരിട്ട് മനസ്സിലാക്കാൻ കവയിത്രിക്ക് കഴിഞ്ഞിട്ടുണ്ട്. അനുഭവങ്ങളുടെ കരുത്ത് കവിതയിൽ വായിച്ചെടുക്കാനാവും.

ചെറിയ കാഴ്ചകളുടെ ഉള്ളിൽ ഒളിച്ചിരിക്കുന്ന വലിയ ജീവിതത്തെ കണ്ടെത്തുന്നിടത്താണ് തെരേസാ ടോമിന്റെ കവിത ആരംഭിക്കുന്നത്. ചുറ്റുമുള്ള ലോകത്തെ അത്ഭുതത്തോടെ നോക്കുകയും അതിന്റെ മുറിവുകളെ കരുതലോടെ ചേർത്ത് പിടിക്കുകയും ചെയ്യുന്നതാണ് ഈ കവിതകളുടെ അടിസ്ഥാന സ്വഭാവം

'എന്റെ കവിത' എന്ന രചനയിൽ തന്റെ കാവ്യനിലപാട് വ്യക്തമാക്കുന്നുണ്ട്. സ്വതന്ത്രമായ ആകാശ വിതാനങ്ങളിലാണ് കവിതയ്ക്ക് ചിറകുകൾ മുളയ്ക്കുന്നത്, എങ്കിലും പേടിച്ചരണ്ട മാൻപേടകൾക്കും, വിഷമേറ്റ് പിടയുന്ന നിസ്സഹായർക്കും, നീറിപ്പുകയുന്ന കനലുകൾക്കും ഒപ്പമാണ് കവിത നിലകൊള്ളുന്നത് എന്ന് കവയിത്രി ഉറപ്പിക്കുന്നു.

'എന്നെ ഞാൻ ഓർമ്മിപ്പിക്കുന്നത് ' എന്ന കവിത അത് എന്തിനാണ് അല്ലെങ്കിൽ ഇത് എന്തിനാണ് എന്നൊക്കെ ജീവിതത്തെക്കുറിച്ച് വ്യാകുലപ്പെട്ടുകൊണ്ട് ചോദിക്കുന്നു. എങ്കിലും കവിത പ്രത്യാശയിലാണ് അവസാനിക്കുന്നത്. കടൽ കാണും വരെ പുഴ ഒഴുകണം. ഇടമുറിയാതെ പുഴ ഒഴുകുമ്പോൾ, പുഴയ്ക്കു മീതെ വാൾമുന വേണ്ട. തടസ്സപ്പെടുത്താത്ത, തടസ്സപ്പെടാത്ത ഒഴുക്കുതന്നെയാണ് ജീവിതത്തിന്റെ നീതിയെന്ന് കവിത സമർത്ഥിക്കുന്നു.

'പച്ച' എന്ന കവിതയിൽ വേനലിൽ കരിഞ്ഞാലും വസന്തത്തിൽ വർണ്ണങ്ങളണിഞ്ഞാലും പ്രകൃതിക്ക് വീണ്ടും പച്ച പുതയ്ക്കാനാണ് കൊതിയെന്ന് കവയിത്രി നിരീക്ഷിക്കുന്നു. 'പിന്നെയും പച്ച' എന്ന ആവർത്തനത്തിൽ ജീവൻ പരാജയം സമ്മതിക്കാത്തതിന്റെ താളമുണ്ട്. പച്ച ഒരു നിറമല്ല. എല്ലാം അവസാനിച്ചെന്ന് തോന്നിത്തുടങ്ങുന്നിടത്തുനിന്ന് വീണ്ടും മുളപൊട്ടുന്ന ഭൂമിയുടെ തുടിപ്പാണ്.

'അവൾ' എന്ന കവിതയിലെ സ്ത്രീ തീർത്ഥക്കുളക്കരയിലെ പടവുകളിൽ ഏകാന്തതയുടെ കാവൽക്കാരിയായി ഇരിക്കുന്നു. ആഘോഷങ്ങൾക്കും ആരവങ്ങൾക്കും മനസ്സു കൊടുക്കാൻ മറന്നിരിക്കുന്നു. കാലമേൽപ്പിച്ച ആഘാതങ്ങൾ ഏറ്റുവാങ്ങി കുടുംബവും പരിചരണവും നഷ്ടപ്പെട്ട് തടവറയ്ക്കുള്ളിൽ തളയ്ക്കപ്പെട്ടവൾ. എന്നാൽ അവളുടെ ഏറ്റവും വലിയ തടവറ ചുറ്റുമുള്ള മതിലുകളല്ല, തന്നിലേക്കു തന്നെ ചുരുങ്ങിപ്പോകുന്ന അവസ്ഥയാണ്. ദീർഘമായ അവഗണന ഒരാളെ സ്വന്തം ഉള്ളിലേക്ക് പിൻവലിക്കുന്നതിന്റെ മനഃശാസ്ത്രം സൂക്ഷമമായി ഈ കവിതയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

'മഴയത്ത്' എന്ന കവിതയിൽ ബാല്യകാലത്തെ മഴയിലേക്കു മടങ്ങാനുള്ള ആഗ്രഹമാണ്. വാഴയില ചൂടി നടക്കാനും, ആലിപ്പഴം പെറുക്കി നുണയാനും മനസ്സു കൊതിക്കുന്നു. എന്നാൽ പഴയ മഴയുടെ ഓർമ്മയിലേക്ക് പ്രളയവും തീമഴയും കടന്നു വരുന്നു. ഒന്നിൽ കളിയുടെ കുളിരുണ്ട്, മറ്റൊന്നിൽ ദുരന്തത്തിന്റെ ഭയമുണ്ട്. എങ്കിലും എല്ലാം അറിഞ്ഞ ശേഷവും ഒരിക്കൽ കൂടി വാഴയില ചൂടി ചെറുമഴയത്തു നടക്കണമെന്ന നൊസ്റ്റാൾജിയ കവിതയിൽ സൂക്ഷിക്കുന്നു.




'റാണി' എന്ന കവിതയിൽ ഒരു പെൺകുട്ടിയുടെ ബാല്യവും പിതാവിന്റെ കരുതലും ഒരു നാട്ടുപാതയുടെ ഓർമ്മയിൽ ചേർത്തു വെച്ചിരിക്കുന്നു. ഞൊറിയിട്ട പാവാടയും മുത്തുമാലയും കിലുങ്ങുന്ന പാദസ്വരവും റിബൺ ചാർത്തിയ മുടിയും കൈയിൽ പുസ്തകവും പിടിച്ച് അവൾ പള്ളിക്കുടത്തിലേക്കു പോകുന്നത് ഒരു റാണിയേപ്പോലെയാണ്. ഈ റാണിത്വം രാജാധികാരത്തിന്റേതല്ല, പിതാവിന്റെ സ്നേഹദൃഷ്ടി മകൾക്കു സമ്മാനിച്ച ആത്മാഭിമാനമാണ്. അവൾ അമ്മയില്ലാത്ത കുട്ടിയാണെന്നറിയുമ്പോഴാണ് ആ റാണിയുടെ പിതാവിന്റെ കരുതലിന്റെ ആഴം വായനക്കാർക്ക് അനുഭവിക്കാനാവുന്നത്.

'കുമിളകൾ' എന്ന കവിത കുമിളകളുടെ ക്ഷണികമായ ആയുസ്സിനെ ഓർത്തുള്ള വ്യാകുലപ്പെടലല്ല. ഉള്ള കാലയളവിൽ ചുറ്റുമുള്ള ലോകത്തെ പ്രതിഫലിപ്പിക്കാൻ ആ കുമിളകൾക്ക്

സാധിച്ചു എന്നതാണ് അടിവരയിടുന്നത്. ദൈർഘ്യമല്ല ജീവിതത്തിന്റെ മൂല്യം നിർണ്ണയിക്കുന്നത്. കുമിളകൾ പൊട്ടിപ്പോയാലും അത് നൽകിയ വർണ്ണദൃശ്യം അതുകണ്ടവരുടെ ഓർമ്മയിൽ ശേഷിക്കുമെന്ന് ഓർമ്മിപ്പിക്കുന്നു.

'ഇൻഡോർ പ്ളാന്റ്' എന്ന കവിത സ്ത്രീജീവിതത്തെക്കുറിച്ചുള്ള ഏറെ ശക്തമായ രൂപകമാണ്. ചട്ടിയിൽ ഒതുക്കി ചട്ടം നിശ്ചയിച്ചവർക്ക് ചെടിയുടെ ഉള്ളിൽ നിന്നുള്ള പ്രതിഷേധം കേൾക്കാനാകുന്നില്ല. കാട്ടിൽ വളരേണ്ട ചെടിയെ സ്വീകരണമുറിയിലെ അലങ്കാരമാക്കിയപ്പോൾ അതിന്റെ സ്വത്വം നഷ്ടപ്പെടുന്നു. സ്ത്രീയെ വീടിന്റെ അഭിമാനമെന്നു പറയുമ്പോഴും അവളുടെ വേരുകളും ആകാശവും മുറിച്ചുകളയപ്പെടുന്നുണ്ടെന്ന് കവിത ഓർമ്മിപ്പിക്കുന്നു.

'കൊട്ടാരത്തിലെ പട്ടി' അധികാരത്തോടും ചേർന്നു നിൽക്കുന്നവരുടെ നിശ്ശബ്ദതയെക്കുറിച്ചുള്ള ശക്തമായ രാഷ്ട്രീയരൂപകമാണ്. 'ഒന്ന് കുരയ്ക്കാൻ കഴിയുമോ കൊട്ടാരപ്പട്ടി നിനക്കെന്നെങ്കിലും?' എന്ന് കൊട്ടാരത്തിലെ പട്ടിയെപ്പോലെ അധികാരത്തിന്റെ സൗകര്യങ്ങൾക്കു പകരമായി ശബ്ദം ഉപേക്ഷിച്ച പൊതുപ്രവർത്തകരോടും കലാകാരന്മാരോടും എഴുത്തുകാരോടും വായനക്കാരോടും കവിത ചോദിക്കുന്നു.

'മറവി' എന്ന കവിത അവന് കൈവിട്ടുപോയ ഓർമ്മയെന്ന അക്ഷയഖനിയെക്കുറിച്ചാണ്. ആഴങ്ങളിലേക്ക് കൂപ്പുകുത്തിപ്പോയ ഓർമ്മയെ തിരിച്ചു വിളിക്കാനായുള്ള നെഞ്ചകം പിളർന്നുള്ള കേഴലാണ് ഈ കവിത. വീണ്ടും വീണ്ടും ചോദ്യങ്ങൾ വീർപ്പുമുട്ടിക്കുമ്പോഴും ആരുമറിയാതെ മനസ്സിൽ പിടയുന്ന ഉത്തരത്തെ തേടുകയാണ്.

പൂവ്, പച്ച, മഴ, മരം, പുഴ, പക്ഷി, ശലഭം, വീട്, കണ്ണാടി, വര, കാറ്റ്, വെളിച്ചം തുടങ്ങിയവ ഈ കവിതകളിൽ മനുഷ്യജീവിതത്തിന്റെ അകത്തളങ്ങളെ തുറന്നുകാട്ടുന്ന പ്രതീകങ്ങളായി ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്. പക്ഷി - സ്വാതന്ത്ര്യത്തിന്റെ ഓർമ്മയാണ്, വീട് - അഭയവും തടവറയുമാണ്, മഴ - ബാല്യത്തിന്റെ കുളിരും കാലത്തിന്റെ ദുരന്തവുമാണ്, പൂവ് - മൃദുത്വമെന്നതിലുപരി മുറിവുകളിൽ മുറിവുകളിൽ നിന്നും വീണ്ടും ഉയർന്നുവരാനുള്ള ജീവന്റെ ശേഷിയാണ്.

പ്രകൃതി, സ്ത്രീജീവിതം, വീട്, കുട്ടിക്കാലം, ഓർമ്മ, ദേശാടനം, മരണം, സ്വാതന്ത്ര്യം, സാമൂഹ്യനീതി, അധികാരം, തുടങ്ങിയ വിഷയങ്ങൾ പലരൂപത്തിൽ കവിതയിലുണ്ട്.

ഈ പുസ്തകത്തിലെ ഓരോ കവിതയും സ്നേഹം പോലെ മധുരമൂറുന്നതാണെന്ന് പ്രസാധകക്കുറിപ്പിൽ കെ. ജി. അജിത്കുമാർ പറഞ്ഞിരിക്കുന്നു. 'മുറിവുകൾക്കിടയിൽ മുളയ്ക്കുന്ന പച്ച' എന്ന പേരിൽ തെരേസാ റ്റോമിന്റെ കവിതകളിലെ സ്ത്രീയും പ്രകൃതിയും ജീവിതവും എന്ന വിഷയത്തിൽ ഡോ. ഫാ. സുനിൽ ജോസിന്റെ വിശദമായ പഠനക്കുറിച്ച് ആമുഖമായി ചേർത്തിട്ടുണ്ട്. ആശയ സമ്പുഷ്ടമായ 57 കവിതകളുടെ ഈ സമാഹാരം കൊല്ലത്തുനിന്നുള്ള സൈന്ധവ ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 82 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 140 രൂപയാണ്.



## തെരേസാ ടോം

പത്തനംതിട്ട ജില്ലയിൽ മൈലപ്ര ചാമക്കാലാ കുടുംബത്തിൽ ജനനം. മലയാള സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും ബി. എഡും. ഇരുപത്തിയഞ്ച് വർഷത്തെ അധ്യാപന ജീവിതം. മൈലപ്രാ എസ്. എച്ച്. റ്റി. റ്റി. ഐയിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിക്കെ വിരമിച്ചു. പിന്നീട് നൈജീരിയയിലും അമേരിക്കയിലും ജോലി ചെയ്തു.

കേരളത്തിലും അമേരിക്കയിലും ആനുകാലികങ്ങളിൽ ലേഖനങ്ങളും കവിതയും എഴുതുന്നു. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അമേരിക്കയിലെ വിവിധ സാഹിത്യ സാമൂഹ്യ സംഘടനകളിൽ സജീവമാണ്. നേതൃനിരയിൽ വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്.

സ്നേഹപൂർവ്വം കൊച്ചേച്ചി (ബാലസാഹിത്യം), അവളുടെ വെളിപാടുകൾ (ലേഖനം), സിൻസിറ്റി കഫേ (ലേഖനം), ഇവിടെ ഈ തുരുത്തിൽ (കവിത), നിലാവിൽ ഇത്തിരി നേരം (കവിത), മൗനത്തിന്റെ ചിറകടികൾ (കവിത), മഞ്ഞുപൂക്കുന്ന ഇടവഴികൾ (കവിത), തെരേസാ ടോമിന്റെ കവിതകൾ (കവിത) എന്നിവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ന്യൂജേഴ്സിയിലും നാട്ടിൽ തിരുവനന്തപുരത്തുമായി താമസിക്കുന്നു.

ഭർത്താവ് :- പരേതനായ റിട്ട. അധ്യാപകൻ തോമസ് നാടാവള്ളീൽ മാത്യു, മക്കൾ :- ഫിലിപ്പ്, റ്റിറ്റോ, റ്റീനാ

email :- teresatom10@yahoo.com

## പ്രവർത്തന മികവിന്റെ പുതിയ അധ്യായവുമായി ഫൊക്കാന റീജിയൻ ത്രീ ; ഫിലിപ്പോസ് ഫിലിപ്പ് ഉദ്ഘാടനം നിർവഹിച്ചു

# സാമൂഹിക – യുവജന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി 2026 – 28 കർമ്മപദ്ധതികൾ




ന്യൂയോർക്ക്: ഫൊക്കാന അപ്സ്റ്റേറ്റ് റീജിയൻ ത്രീയുടെ പ്രവർത്തനോദ്ഘാടനം റോക്ക് ലാൻഡ് ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ ചേർന്ന പൊതു സമ്മേളനത്തിൽവച്ച് ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് നിർവഹിച്ചു. ഫൊക്കാന ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, മുതിർന്ന നേതാക്കൾ, വിവിധ അംഗസംഘടനകളുടെ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഫൊക്കാനയുടെ പുതിയ ഭരണസമിതി സെപ്റ്റംബർ 20ന് ഔദ്യോഗികമായി ചുമതലയേറ്റതിന് പിന്നാലെയാണ് റീജിയൻ ത്രീയുടെ പ്രവർത്തനോദ്ഘാടനം നടന്നത്.

പത്ത് അംഗസംഘടനകളുള്ള കരുത്തുറ്റ റീജിയനാണ് ന്യൂയോർക്ക് അപ്സ്റ്റേറ്റ് റീജിയൻ ത്രീയെന്ന് പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു. ഐക്യത്തിന്റെയും കൂട്ടായ്മയുടെയും ഉത്തമ മാതൃകയായി പ്രവർത്തിക്കുന്ന റീജിയൻ ത്രീ, ഇത്തവണയും റീജണൽ വൈസ് പ്രസിഡന്റിനെ എതിരില്ലാതെയാണ് തെരഞ്ഞെടുത്തതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഫൊക്കാനയുടെ ചരിത്രത്തിലെ നിർണായകമായ പല വഴിത്തിരിവുകളിലും ശക്തമായ നേതൃത്വവും സജീവമായ പ്രവർത്തനങ്ങളും കാഴ്ചവെച്ച റീജിയനാണ് അപ്സ്റ്റേറ്റ് റീജിയൻ ത്രീയെന്ന് പ്രസിഡന്റ് അനുസ്മരിച്ചു. റീജിയന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ പിന്തുണയും ഫൊക്കാനയുടെ പുതിയ ഭരണസമിതിയുടെ ഭാഗത്തുനിന്ന് നൽകുമെന്നും അദ്ദേഹം അറിയിച്ചു.

കഴിഞ്ഞ വർഷംഒരു മിനി ഫൊക്കാന കൺവെൻഷൻ എന്നപോലെ റീജിയന്റെ പ്രവർത്തനോദ്ഘാടനവും കൺവെൻഷനും നടത്തുന്നതിനു സഹായവും പിന്തുണയും നൽകിയ എല്ലാവർക്കും മുൻ റീജണൽ വൈസ് പ്രസിഡന്റും നിലവിലെ ഫൊക്കാന ട്രഷററുമായ ആന്റോ വർക്കി നന്ദി അറിയിച്ചു. തുടർന്നും റീജിയന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

റീജണൽ വൈസ് പ്രസിഡന്റ് അഭിലാഷ് പുളിക്കത്തോടി സ്വാഗതം ആശംസിച്ചു. റീജിയൻ ത്രീ 2026-28 കാലയളവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളും പ്രവർത്തന നിർദേശങ്ങളും സമ്മേളനത്തിൽ അവതരിപ്പിച്ചു.

റീജിയൻ സെക്രട്ടറി റോയ് ആന്റണി, ട്രഷറർ നോഹാ ജോർജ്, ജോയിന്റ് സെക്രട്ടറി സുനിൽ എണ്ണശ്ശേരിൽ, ജോയിന്റ് ട്രഷറർ ജെയിംസ് ഇളമ്പുരയിടത്തിൽ, ഇവന്റ് കോ-ഓർഡിനേറ്റർ ലിജോ ജോൺ, യൂത്ത് കോ-ഓർഡിനേറ്റർ അരുൺ ജോയ്, വിമൻസ് ഫോറം ചെയർ അഞ്ജന പ്രദീപ്, വിമൻസ് ഫോറം സെക്രട്ടറി സ്റ്റഫി സെബാസ്റ്റ്യൻ എന്നിവർ







വിവിധ പ്രവർത്തന പദ്ധതികൾ അവതരിപ്പിച്ചു.

ഫൊക്കാനയുടെ പുതിയ ഭരണസമിതി ഔദ്യോഗികമായി ചുമതലയേറ്റ ഉടൻ തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ റീജിയൻ ത്രീക്ക് കഴിഞ്ഞത് സംഘടനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജം പകരുമെന്ന് ഫൊക്കാന ജനറൽ സെക്രട്ടറി സന്തോഷ് നായർ ആശംസിച്ചു. സാമൂഹിക സേവന പ്രവർത്തനങ്ങൾക്കും യുവജന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് റീജിയൻ ത്രീയെ ഫൊക്കാനയുടെ കരുത്തുറ്റ റീജിയനായി തുടർന്നും മുന്നോട്ടുകൊണ്ടുപോകുമെന്ന് റീജണൽ സെക്രട്ടറി റോയ് ആന്റണി അറിയിച്ചു. റീജിയന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയ എല്ലാവർക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

അംഗസംഘടനകളുടെ പ്രസിഡന്റുമാരായ അനീഷ് കണ്ണമ്പുറത്ത്, അലക്സ് ജി. മുണ്ടയ്ക്കൽ, ബാബുരാജ് പിള്ള, അനീഷ് വർഗീസ്, ആൽഫ്രഡ് തോമസ്, സുനിൽ എണ്ണശ്ശേരിൽ, പോൾ ബ്ലിസ്, ഇട്ടൂപ്പ് ദേവസി, വിശ്വനാഥൻ കുഞ്ഞുപിള്ള , ജിജി കുര്യൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

മുതിർന്ന നേതാക്കളായ പോൾ കറുകപ്പള്ളി, റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോൾ, ടെറൻസൺ തോമസ്, ജോയി ഇട്ടൻ, മുൻ പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി, മുൻ സെക്രട്ടറി ശ്രീകുമാർ

ഉണ്ണിത്താൻ, മുൻ ട്രഷറർ ജോയി ചാക്കപ്പൻ, ജോർജ്കുട്ടി ഉമ്മൻ, ജോർജ്കുട്ടി , മത്തായി ചാക്കോ, സജി പോത്തൻ, ഷീലാ ജോസഫ്, ജിയോം വർഗീസ്, ഫൊക്കാന പി. ആർ. ഒ . ജിജി ടോം തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

കമ്മിറ്റി അംഗങ്ങളായ സുരേന്ദ്രൻ നായർ, ജോൺ തോമസ്, മാത്യു ജോസഫ്, മണികണ്ഠൻ, പത്മനാഭൻ, അജി കളിക്കൽ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. റീജിയണൽ സെക്രട്ടറി റോയ് ആന്റണി ഏവർക്കും നന്ദി അർപ്പിച്ചു.

സ്വാസ്തിക സ്കൂൾ ഓഫ് ഡാൻസിലെ കലാകാരികളുടെ നൃത്താവിഷ്കാരങ്ങൾ ചടങ്ങിന് മാറ്റുകൂട്ടി. വിവിധ കലാപരിപാടികളോടെയാണ് സമ്മേളനം സമാപിച്ചത്.

റോയ് ആന്റണി ( ഫൊക്കാന മീഡിയ ടീം)






emalayalee.com




Faith Studio






Faith Studio
516 418 8406




Venue:


TIME
Faith Studio
516 418 8406


emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

NRS PAY®

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।




- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ഇന്ത്യാ പ്രസ് ക്ലബ്ബിന്റെ 'മാധ്യമശ്രീ' 'മാധ്യമരത്ന' പുരസ്കാര വിതരണം ജനുവരി 8ന് കൊച്ചിയിൽ

ന്യൂ ജേഴ്സി: രണ്ടു പതിറ്റാണ്ടിനു മുൻപ് ന്യൂയോർക്കിൽ ജൻമം കൊണ്ട് ഇന്ന് പത്തു ചാപ്റ്ററുകളുമായി നൂറിലധികം അംഗങ്ങളുടെ പിന്തുണയോടെ അമേരിക്കൻ മലയാളിസമൂഹത്തിലെ നിറസാന്നിധ്യമായ മലയാളി മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മാധ്യമശ്രീ, മാധ്യമരത്ന പുരസ്കാര വേദിയാകാൻ കൊച്ചി ഒരുങ്ങുന്നു. മാധ്യമ രംഗത്തെ സമഗ്ര സംഭാവനകൾക്ക് നൽകുന്ന ഈ പുരസ്കാര ചടങ്ങ് 2027 ജനുവരി എട്ട് വെള്ളിയാഴ്ച വൈകുന്നേരം അഞ്ചു മണിക്ക് കൊച്ചിയിലെ ഗോകുലം ഗ്രാൻഡ് പാർക്ക് ഹോട്ടൽ കൺവെൻഷൻ സെന്ററിൽ അരങ്ങേറും.

കേരളത്തിന്റെ മുഖ്യമന്ത്രി



വി ഡി സതീശൻ ഉത്ഘടകനാകുമെന്നു പ്രതീക്ഷിക്കുന്ന ചടങ്ങിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി ജോൺ, മറ്റു മന്ത്രിമാർ, സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ-മാധ്യമ രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുക്കുന്ന വർണ്ണാഭമായ സായാഹ്നത്തിൽ പുരസ്ക്കാരങ്ങൾ വിതരണം ചെയ്യും.

കേരളത്തിൽ നിരവധി വർഷങ്ങളായി നടത്തി വരുന്ന ഈ മാധ്യമ അവാർഡ് ദാന ചടങ്ങ് മാധ്യമ രംഗത്തെ തന്നെ ഏറ്റവും വലിയ പുരസ്കാര രാവായിരിക്കും. മാധ്യമശ്രീ പുരസ്കാര ജേതാവിന് ഒരു ലക്ഷം രൂപയും പ്രശംസാഫലകവും, മാധ്യമ രത്ന പുരസ്കാര ജേതാവിന് 50,000 രൂപയും പ്രശംസാഫലകവും ലഭിക്കും. കൂടാതെ വിവിധ മേഖലകളിൽ മികവ് തെളിയിച്ച മാധ്യമ പ്രവർത്തകർക്കും പുരസ്കാരങ്ങൾ നൽകും.

ഇതിനു വേണ്ടിയുള്ള നോമിനേഷൻ ഉടൻ തന്നെ സ്വീകരിക്കാനുള്ള ക്രമീകരണങ്ങൾ മാധ്യമങ്ങൾ വഴിയായി അറിയിക്കുന്നതായിരിക്കും. മലയാളി മാധ്യമ പ്രവർത്തകർക്കാണ് പുരസ്കാരങ്ങൾക്ക് അർഹത. മാധ്യമ പ്രവർത്തകർക്കു സ്വന്തമായും മികച്ച മാധ്യമ പ്രവർത്തകർക്ക് വേണ്ടി പൊതുജനങ്ങൾക്കും നോമിനേഷനുകൾ സമർപ്പിക്കാം. നോമിനേഷനുകൾ സമർപ്പിക്കാനുള്ള നിർദേശങ്ങൾ ഉടൻതന്നെ ഇന്ത്യാ പ്രസ് ക്ലബ്ബിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രസിഡണ്ട് രാജു പള്ളത്ത്, ജനറൽ സെക്രട്ടറി അനിൽ ആറന്മുള, ട്രെഷറർ ജയൻ ജോസഫ് എന്നിവർ അറിയിച്ചു.

മാധ്യമ-സാഹിത്യ രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ അടങ്ങിയ ജൂറിയാണ് പുരസ്കാര ജേതാക്കളെ തെരഞ്ഞെടുക്കുക. മുതിർന്ന മാധ്യമപ്രവർത്തകരെയും വിവിധ മേഖലകളിൽ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ചവരെയും ചടങ്ങിൽ ആദരിക്കും.

ആർ ശ്രീകണ്ഠൻ നായർ, എൻ പി രാജേന്ദ്രൻ, ഡി വി ജയമോഹൻ, ടി എൻ ഗോപകുമാർ, ജോണി ലൂക്കോസ്, എം ജി രാധാകൃഷ്ണൻ, ജോൺ ബ്രിട്ടാസ്, വീണാ ജോർജ്, ജോസി ജോസഫ്, ഉണ്ണി ബാലകൃഷ്ണൻ, പ്രശാന്ത് രഘുവംശം, നിഷാ പുരുഷോത്തമൻ വി.ബി. പരമേശ്വരൻ, ആർ, രാജഗോപാൽ എന്നിവരാണ് മുൻപ് മാധ്യമശ്രീ- മാധ്യമരത്ന പുരസ്കാരങ്ങൾക്ക് അർഹരായ മാധ്യമ പ്രവർത്തകർ.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: രാജു പള്ളത്ത് 732-429-9529, അനിൽ ആറൻമുള 713-882-7272, ജയൻ ജോസഫ് 215-744-7242




LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

# ഇന്ത്യാ പ്രസ് ക്ലബ്ബിന്റെ 'മാധ്യമശ്രീ' 'മാധ്യമരത്ന'പുരസ്കാരങ്ങൾ: തോമസ് ജേക്കബ്, ഡോ എം വി പിള്ള, ജോസ് പനച്ചിപ്പുറം എന്നിവർ ജൂറി അംഗങ്ങൾ




ന്യൂ യോർക്ക്: ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക കേരളത്തിലെ മാധ്യമ പ്രവർത്തകർക്കായി നൽകാറുള്ള അഭിമാന പുരസ്കാരങ്ങളായ മാധ്യമശ്രീ, മാധ്യമരത്ന എന്നീ അവാർഡുകൾക്കായി അർഹരായ മാധ്യമ പ്രവർത്തകരെ കണ്ടെത്താനുള്ള പ്രത്യേക ജൂറി കമ്മറ്റി രൂപീകരിച്ചു. പരിണതപ്രജ്ഞരായ മുതിർന്ന മാധ്യമ പ്രവർത്തകർ തോമസ് ജേക്കബ്, ജോസ് പനച്ചിപ്പുറം എന്നിവർക്കൊപ്പം പ്രശസ്ത സാഹിത്യകാരനും വാഗ്മിയും ഓങ്കോളജിസ്റ്റ്മായ ഡോ എം വി പിള്ളയുമാണ് ജൂറി അംഗങ്ങൾ.

കാർട്ടൂണിസ്റ്റാവാൻ മലയാള മനോരമയിലേക്ക് വന്ന കോളജ് കുമാരൻ ഇന്ത്യയിലെ ഏറ്റവും മികച്ച പ്രഫഷനൽ എഡിറ്ററായി വളർന്ന കഥയാണ് തോമസ് ജേക്കബിന്റേത്.

ജേണലിസ്റ്റ് ട്രെയിനിയായി തുടങ്ങി ആദ്യത്തെ എഡിറ്റോറിയൽ ഡയറക്ടറായി വളർന്ന തോമസ് ജേക്കബ് ഒരർഥത്തിൽ മനോരമയുടെ മുഖ്യസാരഥി തന്നെയായിരുന്നു. ലോകത്തിലെ മുതിർന്ന പത്രപ്രവർത്തകർക്കായി തോംസൺ ഫൗണ്ടേഷൻ ബ്രിട്ടനിൽ നടത്തുന്ന പത്രപ്രവർത്തന പരിശീലന പരിപാടിയിൽ ഒന്നാം സ്ഥാനം നേടുന്ന (1969) ആദ്യ ഇന്ത്യക്കാരനാണ് തോമസ് ജേക്കബ്.

ആകസ്മികമായ ഒരു വാർത്ത ന്യൂസ് റൂമിലേക്ക് വന്നുവീഴുമ്പോൾ അതിൽ നിന്നു നൂറുമേനി വിളയിക്കാൻ കഴിയുന്ന അസാധാരണ പ്രതിഭ. പുൽപ്പള്ളിയിലും തലശ്ശേരിയിലും പൊലീസ് സ്റ്റേഷൻ ആക്രമണം നടത്തി നക്സലൈറ്റുകൾ കാടുകയറി എന്നു കേൾക്കുമ്പോൾ റിപ്പോർട്ടറെയും ഫൊട്ടോഗ്രഫറെയും അദ്ദേഹം കൊടും വനപ്രദേശത്തേയ്ക്കു രായ്ക്കുരാമാനം വിടുന്നു.

കുവൈത്തിൽ നടന്ന ഗൾഫ് യുദ്ധത്തിന്റെ ഭീകരതയിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിച്ചു കൊണ്ടുവരുന്ന കാര്യത്തിലായാലും ബംഗ്ലദേശിലെ യുദ്ധമുന്നണിയിൽ നിന്നു വാർത്ത നേരിട്ടു ശേഖരിക്കാൻ റിപ്പോട്ടർമാരെ വിമാനം കയറ്റിവിടുന്ന കാര്യത്തിലായാലും തോമസ് ജേക്കബ് കാണിച്ച ജാഗ്രതയും ശുഷ്കാന്തിയും ആവേശവും അനിതരസാധാരണമെന്നു തന്നെ പറയണം.

മലയാള സാഹിത്യത്തിലെ അഗ്രഗണ്യരായിരുന്ന കൈനിക്കര സഹോദരന്മാരിൽ മൂന്നാമൻ കൈനിക്കര മാധവൻ

പിള്ളയുടെ മകൻ, ലോകമെമ്പാടും അറിയപ്പെടുന്ന ക്യാൻസർ രോഗവിദഗ്ദ്ധൻ തന്റെ അറിവും കഴിവും കേരളത്തിലെ

കാൻസർ രോഗികളെ സഹായിക്കാനായി റിട്ടയർമെന്റിന് ശേഷവും നിരന്തരം പ്രവർത്തിക്കുന്ന മനുഷ്യസ്നേഹി എന്നീ നിലകളിൽ പ്രശസ്തനായ ഡോ എം വി പിള്ള അമേരിക്കൻ മലയാളികൾക്ക് പ്രിയംകരനാണ്. സാഹിത്യത്തിലായാലും സയൻസിലായാലും തൻറെ ശ്രോതാക്കളെ മണിക്കൂറുകളോളം പിടിച്ചിരുത്തുന്ന ഉജ്വല വാഗ്മികൂടിയായ ഡോ എം വി പിള്ളയാണ് മറ്റൊരു ജൂറി അംഗം.

മലയാള മനോരമയുടെ രണ്ടാമത്തെ എഡിറ്റോറിയൽ ഡയറക്ടറും, സാഹിത്യകാരനും, സർവ്വോപരി കേരളത്തിലെ മുതിർന്ന മാധ്യമ പ്രവർത്തകനുമാണ് ജോസ് പനച്ചിപ്പുറം.

മലയാള മനോരമയുടെ മുൻ എഡിറ്റോറിയൽ ഡയറക്ടറും ഭാഷാപോഷിണി സാഹിത്യ മാസികയുടെ മുൻ എഡിറ്റർ ഇൻ ചാർജുമാണ്. തരംഗങ്ങളിൽ, സ്നേഹപൂർവം പനച്ചി എന്നീ ആക്ഷേപഹാസ്യ-നർമ്മപംക്തികളിലൂടെ ശ്രദ്ധേയനായ അദ്ദേഹം 2003ൽ സ്നേഹപൂർവം പനച്ചി എന്ന കൃതിക്കും 2005ൽ കണ്ണാടിയിലെ മഴ എന്ന നോവലിനും കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടി.

47 വർഷത്തോളം മലയാള മനോരമയിൽ പ്രസിദ്ധീകരിച്ച തരംഗങ്ങളിൽ എന്ന ആക്ഷേപഹാസ്യപംക്തിയും, 33 വർഷത്തോളം ഭാഷാപോഷിണിയിൽ സ്നേഹപൂർവം പനച്ചി എന്ന സാഹിത്യ നർമപംക്തിയും എഴുതി. മലയാള മനോരമയിലെ കുഞ്ചുക്കുറുപ്പ് പോക്കറ്റ് കാർട്ടൂണിന്റെ കമന്റുകൾ 36 വർഷത്തോളം എഴുതി. ഒരു ഡസനിലേറെ നോവലുകളും ഒട്ടേറെ കഥാസമാഹാരങ്ങളും ഉൾപ്പെടെ മുപ്പതിലേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പത്രരൂപകൽപ്പനയെക്കുറിച്ചുള്ള പത്രകൽപ്പന എന്ന ഗ്രന്ഥം മാധ്യമപഠന രംഗത്ത് പാഠപുസ്തകമായി ഉപയോഗിക്കപ്പെടുന്നു. ഇംഗ്ലീഷിൽ കവിതകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമി, കേരള മീഡിയ അക്കാദമി എന്നിവയുടെ ഭരണസമിതികളിൽ അംഗമായിരുന്നു. പത്രപ്രവർത്തക സംഘടനയുടെ ദേശീയ സമിതിയിലും അംഗമായിരുന്നു. എറണാകുളം, കോട്ടയം പ്രസ് ക്ലബുകളുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

2027 ജനുവരി 8ന് വൈകുന്നേരം അഞ്ചുമണിക്ക് കൊച്ചിയിലെ ഗോകുലം പാർക്ക് ഹോട്ടൽ കൺവെൻഷൻ സെന്ററിലായിരിക്കും പുരസ്കാരങ്ങൾ വിതരണം ചെയ്യുക.




MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ബാജി ഓടംവേലിയുടെ 'അമേരിക്കൻ മലയാളി എഴുത്തിനെ എഴുത്തുകാരെ അറിയാം' പുസ്തകം പ്രകാശനം ചെയ്തു.




വാഷിങ്ങ്ടേൺ ഡി.സി. :- ബാജി ഓടംവേലിയുടെ 'അമേരിക്കൻ മലയാളി എഴുത്തിനെ എഴുത്തുകാരെ അറിയാം' എന്ന പുസ്തകം 2026 സെപ്റ്റംബർ 26 ശനിയാഴ്ച വാഷിംഗ്ടൺ ഡി.സി.യിൽ നടന്ന ലാന കൺവെൻഷനിൽ പ്രകാശനം ചെയ്തു. പ്രശസ്ത എഴുത്തുകാരൻ സക്കറിയ പ്രശസ്ത നോവലിസ്റ്റ് വി. ജെ. ജെയിംസിനു നൽകിയാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്.

ലാന പ്രസിഡന്റ് സാമുവേൽ യോഹന്നാൻ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ സക്കറിയ, വി. ജെ. ജെയിംസ്, നിർമ്മല ജോസഫ്, ഷാജു ജോൺ, ഹരിദാസ് തങ്കപ്പൻ, എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. എഴുത്തുകാരൻ ബാജി ഓടംവേലി മറുപടി പ്രസംഗം നടത്തി. കൺവെൻഷൻ ചെയർമാൻ വേണുഗോപാലൻ കൊക്കോടൻ സ്വാഗതവും കൺവീനർ ഷിനോ കുര്യൻ കൃതജ്ഞതയും അറിയിച്ചു. സിനി പണിക്കർ അവതാരകയായിരുന്നു.

അമേരിക്കയിലെ മുപ്പത് മലയാളി എഴുത്തുകാരെയും അവരുടെ ഓരോ പുസ്തകങ്ങളെയും പരിചയപ്പെടുത്തിക്കൊണ്ടുള്ള ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. ഇത് ഈ പരമ്പരയിലുള്ള പുസ്തകത്തിന്റെ ഒന്നാം ഭാഗമാണ്. ഇമലയാളി




ഓൺലൈൻ പത്രത്തിലെയും, ഇമലയാളി വീക്കിലിയിലെയും പുസ്തകപരിചയം എന്ന സ്ഥിരം പക്തിയിലൂടെയാണ് ഈ രചനകൾ ആദ്യമായി വെളിച്ചം കണ്ടത്.

1. അബ്ദുൾ പുന്നയൂർക്കുളം - പറക്കുംപക്ഷിയെ പ്രണയിക്കുന്നവർ (നോവൽ), 2. അഭിനാഷ് തുണ്ടുമണ്ണിൽ - പരന്ത്രീസ് കുഴൽ (നോവൽ), 3. ആമ്പഴയ്ക്കാട്ട് ശങ്കരൻ - കൊടുക്കാക്കടം (കഥാസമാഹാരം), 4. എബ്രഹാം തോമസ് - അമേരിക്കൻ നേർക്കാഴ്ചകൾ (ലേഖനസമാഹാരം), 5. എസ്. അനിലാൽ - ഫിത്ർ സകാത്ത് (കഥാസമാഹാരം), 6. എ. സി. ജോർജ്ജ് - പാളങ്ങൾ (നോവൽ), 7. മാടശ്ശേരി നീലകണ്ഠൻ - പ്രപഞ്ചലോട്ടറി (കവിതാസമാഹാരം), 8. കെ. വി. പ്രവീൺ - ഭൂമിയിൽ നിഷ്കളങ്കതയ്ക്കു മാത്രമായി ഒരിടമില്ല (കഥാസമാഹാരം), 9. ജെ. മാത്യൂസ് - മുൻപേ നടന്നവർ (അവതാരിക, കഥ, കവിത, ലേഖനം), 10. ജേ സി ജെ (ജേക്കബ് ജോൺ) - സഹ്യപുത്രി (കവിതാസമാഹാരം), 11. ജോസ് ഓച്ചാലിൽ - പറുദീസയിലെ ചക്രവാകപ്പക്ഷികൾ (കഥാസമാഹാരം), 12. ജോസഫ് നമ്പിമഠം - നടക്കാനിറങ്ങിയ കവിത (കവിതാസമാഹാരം), 13. ജോൺ ഇളമത - ജീവിക്കാൻ മറന്നുപോയവർ (നോവൽ), 14. ജോൺ മാത്യു - കളിപ്പാട്ടം (കഥാസമാഹാരം), 15. ജോർജ് വർഗീസ് (ജയൻ) - വചനം ധ്യാനം ഗാനം (ലേഖനങ്ങൾ/ഗാനം), 16. തമ്പി ആന്റണി - ഡോഗ് വാക്കർ (കഥാസമാഹാരം), 17. തെക്കന്മാർ (രാജേഷ് തെക്കന്മാർ) - പാപം ചെയ്യാത്തവർ കല്ലെറിയട്ടെ (കഥാസമാഹാരം), 18. ബാബു പാറയ്ക്കൽ - റെയിൽ ചക്രങ്ങൾ (കഥാസമാഹാരം), 19. ബിജോ ജോസ് ചെമ്മാന്ത്ര - ബോൺസായി മരത്തണലിലെ ഗിനിപ്പന്നികൾ (കഥാസമാഹാരം), 20. ബെന്നി കുര്യൻ - അമേരിക്കൻ കഥക്കൂട്ടം (കഥാസമാഹാരം - എഡിറ്റർ ), 21. മനോ ജേക്കബ് - ഒരു പിരിയൻ ഗോവണി (ആത്മകഥ), 22. മനോഹർ തോമസ് - കിളിമഞ്ജാരോയിൽ മഴ പെയ്യുമ്പോൾ (കഥാസമാഹാരം), 23. മാലിനി (നിർമ്മല ജോസഫ്) - നൈജൽ (കഥാസമാഹാരം), 24. രാജു തരകൻ - ഇടയകന്യക -

(ലേഖനസമാഹാരം), 25. രാജു മൈലപ്രാ - അറുപതിൽ അറുപത്. (ലേഖനം/കഥ), 26. വേണുഗോപാലൻ കോക്കോടൻ - കൂത്താണ്ടവർ (നോവൽ), 27. ഷാജു ജോൺ - കോർമ്പൽ (കവിതാസമാഹാരം), 28. സന്തോഷ് പാല - കാറ്റു വീശുന്നിടം (കവിതാസമാഹാരം), 29. സാംജീവ് (സാമുവേൽ ഗീവർഗീസ്) - നിധി (കഥാസമാഹാരം), 30. സാംസി കൊടുമൺ - വെനീസിലെ പെൺകുട്ടി (കഥാസമാഹാരം) എന്നീ മുപ്പത് അമേരിക്കൻ മലയാളി എഴുത്തുകാരെയും അവരുടെ ഓരോ പുസ്തകങ്ങളെയുമാണ് പരിചയപ്പെടുത്തിയിരിക്കുന്നത്.

അമേരിക്കയിലെ മുഴുവൻ എഴുത്തുകാരെയും അവരുടെ ഓരോ പുസ്തകങ്ങളെയും പരിചയപ്പെടുത്തുക എന്ന ശ്രമകരമായ ചരിത്ര ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന ബാജി ഓടംവേലിയ്ക്ക് കൺവെൻഷൻ ആശംസകൾ നേർന്നു.

ബാജിയുടെ 25 കഥകൾ (കഥ), മരുപ്പൊട്ടൽ (നോവൽ), മരുക്കാട്ടിലെ കാവൽക്കാരൻ (കഥ) എന്നീ സാഹിത്യസൃഷ്ടികൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പവിഴമഴ (കവിത), മണൽ മർമ്മരം (കവിത), മണൽക്കാട് പൂക്കുമ്പോൾ (കഥ) എന്നീ പുസ്തകങ്ങളുടെ എഡിറ്ററായിരുന്നു. ബഹ്റൈനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 4 പി. എം. ന്യൂസ് പേപ്പറിൽ അഞ്ചുവർഷത്തോളം കോളമിസ്റ്റായിരുന്നു. ദല - കൊച്ചുവാവ സാഹിത്യ പുരസ്കാരം, സ്പന്ദനം സാഹിത്യ പുരസ്കാരം, ഗാന്ധി സേവാ സമാജ് നോവൽ പുരസ്കാരം, മാർത്തോമ്മാ പ്രതിഭാ പുരസ്കാരം തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

കേരള ലിറ്ററി സൊസൈറ്റിയുടെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. അമേരിക്കൻ മലയാളി എഴുത്തുകാരെയും അവരുടെ പുസ്തകങ്ങളേയും പരിചയപ്പെടുത്തിക്കൊണ്ടുള്ള പുസ്തകപരിചയം എന്ന പക്തി ഇമലയാളിയിൽ 40 ലക്കത്തിലെത്തി നിൽക്കുന്നു.

ഡാലസിലെ മെക്കന്നിയിലാണ് ബാജി ഓടംവേലി കുടുംബസമേതം താമസിക്കുന്നത്. ഭാര്യ :- മിനി വറുഗീസ്, മക്കൾ :- ഡാൻ കോശി, ദയ അന്ന email :- bajikzy@yahoo.com,

പത്തനംതിട്ടയിൽ നിന്നുള്ള സാഹിതി പബ്ളിക്കേഷൻസാണ് പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. 140 പേജുള്ള പുസ്തകത്തിന്റെ വില 225 രൂപയാണ്. പുസ്തകത്തിന്റെ കോപ്പികൾ ആവശ്യമുള്ളവർ +1 915 613 6566 എന്ന നമ്പരിൽ ബന്ധപ്പെടുക.

കൂടുതൽ വിവരങ്ങൾ ബാജി ഓടംവേലിയിൽ നിന്നും ലഭിക്കും.






# ബെന്നി നെച്ചൂരിന്റെ 'പുല്ലാന്തറയാറു പറഞ്ഞ കഥകൾ'

## ലാന റീജിയണൽ കൺവെൻഷനിൽ പ്രകാശനം ചെയ്തു



വാഷിങ്ഗ്ടൺ ഡി.സി: പ്രവാസി മലയാളി എഴുത്തുകാരനും എഡിറ്ററുമായ ബെന്നി നെച്ചൂരിന്റെ കഥാസമാഹാരമായ 'പുല്ലാന്തറയാറു പറഞ്ഞ കഥകൾ' ലാന (LANA) റീജിയണൽ കൺവെൻഷനിൽ വെച്ച് പ്രകാശനം ചെയ്തു.

ലാനയുടെ സജീവ പ്രവർത്തകയും ഫൊക്കാന സാഹിത്യ കമ്മിറ്റി കോ-ഓർഡിനേറ്ററുമായ ഗീത ജോർജിൽ നിന്ന് പുസ്തകത്തിന്റെ കോപ്പികൾ സ്വീകരിച്ചുകൊണ്ട് പ്രശസ്ത എഴുത്തുകാരായ സക്കറിയ, വി.ജെ. ജെയിംസ് എന്നിവർ ചേർന്നാണ് പ്രകാശനം നിർവ്വഹിച്ചത്. ലാന പ്രസിഡന്റ് സാമുവൽ യോഹന്നാൻ, കൺവെൻഷൻ കമ്മിറ്റി ചെയർമാനും എഴുത്തുകാരനുമായ വേണുഗോപാലൻ കൊക്കോടൻ, കൺവെൻഷൻ കമ്മിറ്റി കൺവീനർ ഷിനോ കുര്യൻ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. സിനി പണിക്കർ ആയിരുന്നു എംസി.

അമേരിക്കൻ ജീവിതത്തിന്റെ വ്യത്യസ്ത മാനങ്ങൾ, ഒറ്റപ്പെടലിന്റെ വേദനകൾ, അമ്മമാരുടെ നിസ്വാർത്ഥ സ്നേഹം എന്നിവയിലൂടെയാണ്

ഇതിലെ ഓരോ കഥയും വികസിക്കുന്നത്.

നാട്ടിൻപുറത്തിന്റെ മണവും വിദേശമണ്ണും ഇഴചേർന്ന അന്തരീക്ഷത്തിൽ, ഒരു സാമൂഹിക ചിന്തകന്റെ വ്യക്തമായ കയ്യൊപ്പുള്ള രചനകളാണിവ.

മനുഷ്യജീവിതത്തോടുള്ള അഗാധമായ സ്നേഹസമർപ്പണം, അരികുവൽക്കരിക്കപ്പെട്ടവരുടെ സങ്കടങ്ങൾ, സ്വന്തം പൈതൃകത്തിൽ ആഴത്തിൽ വേരോടിയ കുടുംബബന്ധങ്ങളുടെ തിരിച്ചറിവുകൾ എന്നിവ പ്രമേയമാകുന്ന അഞ്ച് കഥകളാണ് ഈ സമാഹാരത്തിലുള്ളത്.

ജീവിതത്തിന്റെ പൊള്ളുന്ന അനുഭവങ്ങളിൽ നിന്നും കയ്പേറിയ യാഥാർത്ഥ്യങ്ങളിൽ നിന്നും രൂപപ്പെട്ട ഈ കഥകൾ, മനുഷ്യജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ള സംഘർഷങ്ങളെയും അതിജീവനങ്ങളെയും തനിമയോടെ ആവിഷ്കരിക്കുന്നു.

വായനക്കാർക്ക് മികച്ചൊരു അനുഭവം സമ്മാനിക്കുന്നതാണ് ബെന്നി നെച്ചൂരിന്റെ ഈ പുതിയ പുസ്തകം.

ഗ്രീൻ ബുക്സാണ് (https://greenbooksindia.com/) ഈ കഥാസമാഹാരം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

Book Link: https://greenbooksindia.com/stories/pullantharayaru-paranja-kathakal-benny-nechoor



# ഇ-മലയാളി കഥാമത്സരം 2026



## കഥകൾ ക്ഷണിക്കുന്നു

**ഇ–മലയാളി – 2026 കഥാമത്സരത്തിലേക്ക് കഥകൾ ക്ഷണിക്കുന്നു. ലോകമെമ്പാടുമുള്ള എല്ലാ എഴുത്തുകാർക്കും പങ്കെടുക്കാം.**

**ഒന്നാം സമ്മാനം 50,000 രൂപ**

**രണ്ടാം സമ്മാനം 25,000 രൂപ**

**മൂന്നാം സമ്മാനം 10,000 രൂപ**

കൂടാതെ ജൂറി അവാർഡുകളോ പ്രോത്സാഹന സമ്മാനങ്ങളോ പ്രത്യേക അംഗീകാരങ്ങളോ (സർട്ടിഫിക്കറ്റുകൾ മാത്രം) രചനകൾ വിലയിരുത്തുന്ന കമ്മറ്റിയുടെ ശുപാർശ പോലെ നൽകും .

1. കഥകൾക്ക് പ്രത്യേക വിഷയങ്ങൾ ഇല്ല. എങ്കിലും അശ്ളീല ചുവയുള്ളതോ, പ്രകോപനപരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതോ, ജാതി–മത–രാഷ്ട്രീയ സ്വഭാവമുള്ളതോ ആയ രചനകൾ തിരസ്കരിക്കപ്പെടും.
2. ഗൂഗിൾ എഴുത്തുപകരണങ്ങളിലെ ഫോണ്ട് ഉപയോഗിക്കുക (Unicode, ML TT കാർത്തിക എന്നിവയും ആകാം)
3. പതിനെട്ടു വയസ്സ് കഴിഞ്ഞ ഏതു പ്രായക്കാർക്കും കഥകൾ അയക്കാം.
4. മുമ്പ് പ്രസിദ്ധീകരിച്ച കഥകൾ സ്വീകാര്യമല്ല. അയച്ചുതരുന്ന കഥകൾ ഇ മലയാളി പ്രസിദ്ധീകരിക്കും.
5. ജൂറി തിരഞ്ഞെടുക്കുന്ന ചുരുക്കപ്പട്ടിക മാത്രമായിരിക്കും പ്രസിദ്ധീകരിക്കുക. അതിൽ നിന്നുമാണ് വിജയികളെ തിരഞ്ഞെടുക്കുക .
6. രചനകൾ mag.emalayalee@gmail.com എന്ന വിലാസത്തിൽ അയക്കുക.
7. കഥകൾ ലഭിക്കേണ്ട അവസാന തിയ്യതി ഒക്ടോബർ 31, 2026

**സമ്മാനാർഹരുടെ പേരുവിവരങ്ങൾ 2026 ക്രിസ്തുമസ് ദിനത്തിൽ പ്രഖ്യാപിക്കും.**

**കൂടുതൽ വിവരങ്ങൾക്ക് സുധീർ പണിക്കവീട്ടിലുമായി ബന്ധപ്പെടാം:**

mag.emalayalee@gmail.com

**ഇ–മലയാളി പത്രാധിപസമിതി**

# കഥ – കവിത പുരസ്കാരങ്ങൾ സമ്മാനിച്ചു




ഡാലസ് :- കേരള ലിറ്റററി സൊസൈറ്റി ഡാലസിന്റെ 2026 ലെ കഥ - കവിത പുരസ്കാരങ്ങൾ സമ്മാനിച്ചു. ജേക്കബ് മനയിൽ കവിതാ പുരസ്കാരം പ്രശസ്ത എഴുത്തുകാരൻ സക്കറിയ, കവയത്രി റഹീമാബി മൊയ്തീന് നൽകി. എബ്രഹാം തെക്കേമുറി കഥാ പുരസ്കാരം പ്രശസ്ത നോവലിസ്റ്റ് വി. ജെ. ജയിംസ്, കഥാകാരൻ അനിലാൽ ശ്രീനിവാസന് നൽകി. പ്രത്യേക ജൂറി കഥാ പുരസ്കാരം വി. ജെ. ജെയിംസ്, കഥാകാരി ദിവ്യ മേനോന് നൽകി.

പ്രശസ്ത നോവലിസ്റ്റ് വി. ജെ. ജെയിംസ് (കഥ) പ്രശസ്ത കവി ഡോ. സി. രാവുണ്ണി എന്നിവരായിരുന്നു അന്തിമ വിധികർത്താക്കൾ. സാമുവേൽ യോഹന്നാൻ, മീനു എലിസബത്ത്, ഡോ. ദർശന








മനയത്ത് എന്നിവരാണ് കഥയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്. സി. വി. ജോർജജ്, ഷാജു ജോൺ, അനശ്വരം മാമ്പിള്ളി എന്നിവരാണ് കവിതയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്.

എബ്രഹാം തെക്കേമുറി കഥാ പുരസ്കാരം ലഭിച്ചത് എസ്. അനിലാലിന്റെ (ഷിക്കാഗോ) 'അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾ' എന്ന കഥയ്ക്കും; കവി ജേക്കബ് മനയിൽ കവിതാ പുരസ്കാരം ലഭിച്ചത് റഹിമാബി മൊയ്തിന്റെ (മെറിലാന്റ്) 'പെണ്ണടയാളങ്ങൾ' എന്ന കവിതയ്ക്കുമാണ്. രണ്ടു വിഭാഗത്തിലും 25,000 രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനമായി നൽകിയത്. ദിവ്യ മേനോന്റെ (ഡാലസ്) 'അഭിമുഖം' എന്ന കഥയ്ക്ക് സ്പെഷ്യൽ ജൂറി പുരസ്കാരവും ലഭിച്ചു.

ഏകാകിതയുടെ പാരമ്യതയിൽ ഒരുവൻ സ്വന്തം ഉള്ളിലെ വിസ്മരിക്കപ്പെട്ടു പോയ മനുഷ്യനെ കണ്ടെത്തുന്ന കഥാസന്ദർഭങ്ങൾ കൈയടക്കത്തോടെ അവതരിപ്പിക്കുന്ന മികച്ച കഥയാണ് പുരസ്ക്കാരം ലഭിച്ച 'അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾ' എന്നും ; പ്രത്യേക ജൂറി പുരസ്ക്കാരം ലഭിച്ച 'അഭിമുഖം' അതുപോലെ തന്നെ വേറിട്ടു നില്ക്കുന്ന മനോഹരമായൊരു കഥയാണെന്നും, ജീവിതാവസ്ഥകളെ വാക്കുകളുടെ ത്രാസിലിട്ടു തൂക്കുന്ന മികച്ച ദർശനങ്ങളുണ്ട് ഈ കഥയിലെന്നും വിധികർത്താവ് വി. ജെ. ജയിംസ് വിലയിരുത്തി. കവിതകളും മികച്ച നിലവാരം പുലർത്തിയതായി കവിതകളുടെ വിധി കർത്താവ് ഡോ. സി. രാവുണ്ണി അഭിപ്രായപ്പെട്ടു.

2026 സെപ്തംബർ 26 ശനിയാഴ്ച വാഷിങ്ടൺ ഡി. സി. യിൽ നടന്ന ലാന റീജണൽ കൺവെൻഷനിലാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്.

കേരള ലിറ്ററി സൈസൈറ്റിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ 915 613 6566 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

ബാജി ഓടംവേലി (സെക്രട്ടറി)

കേരള ലിറ്ററി സൊസൈറ്റി ഡാലസ്.




# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States**
**NY, NJ, PA, & CT.**

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

# 75 ന്റെ നിറവിൽ പി.റ്റി. തോമസ്:



## പോരാട്ടങ്ങളെ പുഞ്ചിരിയാക്കി ജീവിതത്തെ സേവനമാക്കി

**മീട്ടു റഹ്മത്ത് കലാം**

പത്തനംതിട്ടയിലെ ഒരു കൊച്ചുഗ്രാമത്തിൽ നിന്ന് അമേരിക്കയുടെ സാമൂഹിക, സാംസ്കാരിക, തൊഴിലാളി, രാഷ്ട്രീയ മേഖലകളിൽ സ്വന്തം സാന്നിധ്യമറിയിച്ച ജീവിതമാണ് പി.റ്റി. തോമസിന്റേത്. ജീവിതത്തിന്റെ പല ഘട്ടങ്ങളിലും വഴികൾ എളുപ്പമായിരുന്നില്ല. ഇന്ത്യൻ എയർ ഫോഴ്സിലെ സേവനം, അമേരിക്കയിലേക്കുള്ള കുടിയേറ്റം, വെറും 8 ഡോളറുമായി മഞ്ഞുവീഴുന്ന അമേരിക്കൻ മണ്ണിൽ കാലുകുത്തിയ ആദ്യനാളുകൾ, സാമൂഹ്യസേവന രംഗത്തെ നാല്പതിറ്റാണ്ടോളം നീണ്ട പ്രവർത്തനം, ടാക്സ് പ്രാക്ടീഷണറെന്ന നിലയിലെ സേവനം, തൊഴിലാളി നേതൃപദവി, മലയാളി സമൂഹത്തിലെ സജീവ ഇടപെടൽ, രാഷ്ട്രീയത്തിലെ പോരാട്ടങ്ങൾ ഓരോ അധ്യായവും വ്യത്യസ്തമായ അനുഭവങ്ങളാണ് സമ്മാനിച്ചത്.



വിദ്യാഭ്യാസത്തിലും വിവിധ മേഖലകളിൽ പഠനം തുടരാനുള്ള താൽപര്യം അദ്ദേഹം നിനിർത്തി. കേരള സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബി.എയും, മീററ്റ് സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിലും പൊളിറ്റിക്കൽ സയൻസിലും മാസ്റ്റർ ഓഫ് ആർട്സും നേടി. ഡ്രൂ യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ഓഫ് ഡിവൈനിറ്റിയും ഫോർഡ്ഹാം



യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ഓഫ് സോഷ്യൽ വർക്കും പൂർത്തിയാക്കി. ഡൊമിനിക്കൻ കോളജിൽ അക്കൗണ്ടിംഗും പഠിച്ചു. അമേരിക്കൻ പസഫിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ന്യൂറോ ലിംഗ്വിസ്റ്റിക് പ്രോഗ്രാമിങ്, ഹിപ്നോസിസ് എന്നീ മേഖലകളിൽ പോസ്റ്റ് ഗ്രാജുവേറ്റ് പഠനവും നടത്തി.

സ്വകാര്യജീവിതത്തിലും പി.റ്റി.ക്ക് കടുത്ത പരീക്ഷണങ്ങളുണ്ടായി. പ്രിയപ്പെട്ട ഭാര്യ ലീലാമ്മയുടെയും അനുജന്റെയും മരുമകന്റെയും മരണം സൃഷ്ടിച്ച ആഴത്തിലുള്ള വേദനകളെ അതിജീവിച്ച് അദ്ദേഹം വീണ്ടും പൊതുപ്രവർത്തനത്തിന്റെ വഴിയിലേക്ക് മടങ്ങി. 'വേദനയിൽ വീണുകിടക്കാതെ അതിൽ നിന്ന് കരുത്ത് കണ്ടെത്തുക' എന്ന ജീവിതദർശനമാണ് പിന്നീട് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ പലപ്പോഴും പ്രതിഫലിച്ചത്.

കുട്ടികളുടെയും കുടുംബങ്ങളുടെയുംപ്രശ്നങ്ങൾ നേരിട്ട് കണ്ട സാമൂഹ്യപ്രവർത്തകനിൽ നിന്ന് തൊഴിലാളികളുടെ അവകാശങ്ങൾക്കായി പോരാടിയ നേതാവിലേക്കും, നികുതി സംബന്ധമായ മാർഗ



നിർദേശങ്ങളിലൂടെ നിരവധി കുടുംബങ്ങൾക്ക് ആശ്വാസമായ ഉപദേഷ്ടാവിലേക്കും, മലയാളി സമൂഹത്തിന്റെ 'പി.റ്റി.ച്ചായനിലേക്കും' വളർന്ന അദ്ദേഹത്തിന്റെ യാത്രയിൽ മനുഷ്യബന്ധങ്ങൾക്കാണ് എന്നും മുൻതൂക്കം.

75-ാം വയസ്സിന്റെ നിറവിൽ നിൽക്കുമ്പോൾ, പിന്നിട്ട വഴികളെക്കുറിച്ചും നഷ്ടങ്ങളെക്കുറിച്ചും നേടിയ പാഠങ്ങളെക്കുറിച്ചും ഇനിയും പൂർത്തിയാകാത്ത സ്വപ്നങ്ങളെക്കുറിച്ചും പി.റ്റി. തോമസ് സംസാരിക്കുന്നു...

### 75ന്റെ നിറവിൽ നിൽക്കെ ജീവിതത്തെ എങ്ങനെയാണ് തിരിഞ്ഞുനോക്കുന്നത്?

75 വർഷം എന്ന് പറയുമ്പോൾ അതൊരു വലിയ യാത്രയാണ്. ഒറ്റവാക്കിൽ പറഞ്ഞാൽ ദൈവകൃപ. സന്തോഷങ്ങളും വിഷമങ്ങളും വിജയങ്ങളും പരാജയങ്ങളും നഷ്ടങ്ങളും പുതിയ തുടക്കങ്ങളുമെല്ലാം ചേർന്നതാണ് എന്റെ ജീവിതം. പിന്നോട്ടുനോക്കുമ്പോൾ, എനിക്ക് ഏറ്റവും വലിയ സംതൃപ്തി നൽകുന്നത് എത്രത്തോളം കാര്യങ്ങൾ നേടിയെന്നതിലല്ല; എത്ര പേർക്ക് എന്തെങ്കിലും രീതിയിൽ പ്രയോജനപ്പെടാൻ കഴിഞ്ഞു എന്നതിലാണ്.

ജീവിതത്തിൽ പലപ്പോഴും നമ്മൾ പ്രതീക്ഷിക്കാത്ത വഴികളിലൂടെയാണ് യാത്ര ചെയ്യുന്നത്. ചില വാതിലുകൾ അടയും. ചില അവസരങ്ങൾ നഷ്ടപ്പെടും. പക്ഷേ അതിന്റെ പേരിൽ യാത്ര അവസാനിപ്പിക്കരുത്. മുന്നോട്ട് പോകാനുള്ള വഴി എപ്പോഴും ഉണ്ടാകും.



### കേരളത്തിൽ നിന്ന് അമേരിക്കയിലേക്കുള്ള ആ യാത്രയെക്കുറിച്ച് ഇപ്പോൾ ചിന്തിക്കുമ്പോൾ എന്താണ് മനസ്സിൽ വരുന്നത്?

പത്തനംതിട്ട ജില്ലയിലെ കീക്കൊഴൂരിലെ ഒരു സാധാരണ കുടുംബത്തിലാണ് ഞാൻ വളർന്നത്. അവിടെ പ്രാഥമിക വിദ്യാഭ്യാസം നേടി. റാന്നി എം.എസ്. ഹൈസ്കൂളിലും പിന്നീട് കോഴഞ്ചേരി സെന്റ് തോമസ് കോളജിലും പഠിച്ചു. ചെറുപ്പം മുതൽ തന്നെ പുതിയ കാര്യങ്ങൾ പഠിക്കാനും വ്യത്യസ്തമായ മേഖലകളിലേക്ക് കടക്കാനും താൽപര്യമുണ്ടായിരുന്നു.

പതിനേഴാം വയസ്സിൽ ഇന്ത്യൻ എയർഫോഴ്സിൽ ചേർന്നു. ഒൻപത് വർഷത്തോളം അവിടെ ജോലി ചെയ്തു. പിന്നീട് ഡൽഹിയിലും ജീവിതത്തിന്റെ ഒരു ഘട്ടം ചെലവഴിച്ചു. അങ്ങനെയായിരുന്നു കേരളത്തിന് പുറത്തേക്കുള്ള ജീവിതം തുടങ്ങിയത്.

അമേരിക്കയിലേക്ക് വരുന്നത് എളുപ്പമായിരുന്നില്ല. അന്നത്തെ കുടിയേറ്റ സാഹചര്യങ്ങളും വിസ നിയന്ത്രണങ്ങളും വലിയ വെല്ലുവിളിയായിരുന്നു. ഒടുവിൽ 1983-ലാണ് അമേരിക്കയിലെത്തിയത്.



### വെറും 8 ഡോളറുമായി അമേരിക്കയിലെത്തിയ ആ ദിവസം ഇന്നും ഓർമയിലുണ്ടോ?

വളരെ വ്യക്തമായി ഓർക്കുന്നുണ്ട്. ഫെബ്രുവരി മാസത്തിലെ കൊടുംതണുപ്പിലാണ് അമേരിക്കയിലെത്തിയത്. കൈയിലുണ്ടായിരുന്നത് വെറും 8 ഡോളർ.

വിമാനത്താവളത്തിൽ ഞങ്ങളെ കൂട്ടിക്കൊണ്ടുപോകാൻ ആരുമുണ്ടായിരുന്നില്ല. പരിചയക്കാരെ വിളിച്ചപ്പോൾ മഞ്ഞുവീഴ്ച കാരണം പുറത്തിറങ്ങാൻ കഴിയില്ലെന്നാണ് പറഞ്ഞത്. കുറെ നേരം കാത്തുനിന്ന ശേഷമാണ് ഒരു പഴയ സുഹൃത്ത് എത്തിയത്.

ഇന്ന് ആ സംഭവം ഓർക്കുമ്പോൾ വലിയൊരു പാഠമാണ് മനസ്സിലാകുന്നത്. അന്ന് മുന്നിലുള്ള ജീവിതം എങ്ങനെയായിരിക്കുമെന്ന് അറിയില്ലായിരുന്നു. എങ്ങനെയെങ്കിലും മുന്നോട്ട് പോകണം എന്ന ചിന്ത മാത്രമായിരുന്നു.



### അമേരിക്കയിൽ ഒരായിരം സ്വപ്നങ്ങളുമായി എത്തുന്ന ഒരു ചെറുപ്പക്കാരനെ കണ്ടാൽ, അനുഭവത്തിന്റെ വെളിച്ചത്തിൽ എന്ത് ഉപദേശമാണ് നൽകാനുള്ളത്?

‘ഭയപ്പെടേണ്ട. നീ കടന്നുപോകുന്ന ബുദ്ധിമുട്ടുകൾ ഒരുദിവസം നിന്റെ കരുത്തായി മാറും’ എന്ന് പറയും.

ജീവിതയാത്രയിൽ നേരിട്ട പല ബുദ്ധിമുട്ടുകളും പിന്നീട് മറ്റുള്ളവരുടെ വിഷമങ്ങൾ മനസ്സിലാക്കാൻ എന്നെ സഹായിച്ചു. ഒരാൾക്ക് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടാകുമ്പോൾ അതിന്റെ പിന്നിലുള്ള വേദന മനസ്സിലാക്കാൻ സാധിച്ചു. ഒരു കുടുംബം തകരുമ്പോൾ അതിന്റെ ആഘാതം എന്താണെന്ന് മനസ്സിലാക്കാൻ സാധിച്ചു.

ജീവിതത്തിൽ അനുഭവിക്കുന്ന ഓരോ കാര്യവും പിന്നീട് മറ്റൊരാളെ സഹായിക്കാൻ ഉപയോഗിക്കാനാകുമെങ്കിൽ അതാണ് അതിന്റെ അർത്ഥം.

### സാമൂഹ്യപ്രവർത്തകനെന്ന നിലയിലെ അനു

### ഭവങ്ങൾ ജീവിതത്തെ എങ്ങനെ മാറ്റി?

റോക്ക്ലാൻഡ് കൗണ്ടിയിലെ ചൈൽഡ് പ്രൊട്ടക്റ്റീവ് സർവീസസിൽ 32 വർഷം പ്രവർത്തിച്ചു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും കുടുംബപ്രശ്നങ്ങളും അന്വേഷിക്കുകയായിരുന്നു പ്രധാന ചുമതല.

അവിടെ നിന്നാണ് കുടുംബത്തെ സംരക്ഷിക്കുക എന്നത് എത്ര പ്രധാനമാണെന്ന് മനസ്സിലായത്. ഒരു കുട്ടിയെ കുടുംബത്തിൽ നിന്ന് മാറ്റി ഫോസ്റ്റർ കെയറിൽ എത്തിക്കുക എന്നത് മാത്രം പരിഹാരമല്ല. കഴിയുന്നിടത്തോളം കുടുംബത്തെ ശക്തിപ്പെടുത്തി കുട്ടിക്ക് സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുകയാണ് വേണ്ടത്.

'ഫാമിലി അസസ്മെന്റ് റെസ്പോൺസ്' പോലുള്ള സമീപനങ്ങളിലൂടെ ആ രീതിയിലുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ കഴിഞ്ഞു. ഒരു കുട്ടിയുടെ ജീവിതം മെച്ചപ്പെടുന്നതും ഒരു കുടുംബം തകരാതെ നിലനിൽക്കുന്നതും കാണുമ്പോൾ ലഭിക്കുന്ന സംതൃപ്തി മറ്റൊന്നിനും തുല്യമല്ല.



### താങ്കളുടെ ജീവിതത്തിൽ പണം സമ്പാദിക്കുന്നതിനെക്കാൾ മനുഷ്യരെ സഹായിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകിയതെന്ന് തോന്നുന്നു. എന്തുകൊണ്ട്?

പണം ആവശ്യമാണ്. പക്ഷേ പണം മാത്രം ജീവിതത്തിന്റെ ലക്ഷ്യമാകരുത്.

ഒരു കുടുംബത്തിന് വീട് വാങ്ങാൻ കഴിയുന്നത്, ഒരു കുട്ടിക്ക് സുരക്ഷിതമായി വളരാൻ കഴിയുന്നത്, ഒരു തൊഴിലാളിക്ക് അർഹമായ അവകാശം ലഭിക്കുന്നത്, വിഷമത്തിലായ ഒരാൾക്ക് ഒരു ആശ്വാസവാക്ക് ലഭിക്കുന്നത്ഇവയ്ക്കൊക്കെ വലിയ മൂല്യമുണ്ട്.

എന്റെ ജീവിതത്തിൽ ഞാൻ ചെയ്തിട്ടുള്ള പല കാര്യങ്ങളും അതിന്റെ സാമ്പത്തിക മൂല്യം നോക്കിയല്ല ചെയ്തത്.

### ജീവിതപങ്കാളിയുടെ വിയോഗം ജീവിതത്തിലെ ഏറ്റവും വലിയ വേദനകളിലൊന്നായിരുന്നു. ഇന്ന് അവരെ ഓർക്കുമ്പോൾ?

ലീലാമ്മ (മേരിക്കുട്ടി) എന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട വ്യക്തിയായിരുന്നു. 2020-ൽ അവരെ നഷ്ടപ്പെട്ടത് വലിയ ആഘാതമായിരുന്നു. അതിനു ശേഷം അനുജനെയും നഷ്ടപ്പെട്ടു. കോവിഡ് കാലമായതിനാൽ അർഹിക്കുന്ന രീതിയിൽ ഒരു വിടപറയൽ പോലും നൽകാൻ സാധിച്ചില്ല. അതൊരു വലിയ വേദനയായിരുന്നു.

പക്ഷേ ജീവിതം അവിടെ അവസാനിക്കുന്നില്ല. അവരുടെ ഓർമ്മകൾ നമ്മോടൊപ്പം തുടരും. ലീലാമ്മയ്ക്ക് ഒഡീഷയിലെ പാവപ്പെട്ട കുട്ടികൾക്കായി എന്തെങ്കിലും ചെയ്യണമെന്നൊരു ആഗ്രഹമുണ്ടായിരുന്നു. അതാണ് പിന്നീട് 'മേരിക്കുട്ടി തോമസ് ചിൽഡ്രൻസ് ഹോം' എന്ന സംരംഭത്തിലേക്ക് എന്നെ നയിച്ചത്.

ഒരു നഷ്ടത്തെ മറ്റൊരാളുടെ ജീവിതത്തിൽ പ്രകാശമാക്കാൻ കഴിയുന്നത് ഒരുതരം ആശ്വാസമാണ്.



**സ്വന്തം ജീവിതത്തിൽ വലിയ നഷ്ടങ്ങൾ നേരിട്ടിട്ടും മറ്റുള്ളവർക്ക് പ്രതിസന്ധികളെ അതിജീവിക്കാൻ ക്ലാസുകൾ എടുക്കുന്നു. എവിടെ നിന്നാണ് ആ ശക്തി ലഭിച്ചത്?**

വിഷമങ്ങളിൽ തളർന്നു കിടന്നാൽ അവിടെനിന്ന് ഉയർന്നുവരാൻ കൂടുതൽ പ്രയാസമാകും. അതുകൊണ്ട് വിഷമത്തെ തന്നെ കരുത്താക്കി മാറ്റാൻ ശ്രമിച്ചു.

"Reoslve the Unreoslved" എന്ന പേരിൽ കോവിഡ് കാലത്ത് നടത്തിയ സെമിനാറുകളിൽ നിരവധി ആളുകൾ അവരുടെ വ്യക്തിപരമായ പ്രശ്നങ്ങൾ പങ്കുവച്ചു. അവരെ കേൾക്കാനും കഴിയുന്നിടത്ത് ഒരു വഴി നിർദേശിക്കാനും സാധിച്ചത് എനിക്കും ഒരു ചികിത്സപോലെയായിരുന്നു.

മറ്റുള്ളവരെ സഹായിക്കുമ്പോൾ പലപ്പോഴും നമ്മളും നമ്മളെത്തന്നെ സുഖപ്പെടുത്തുകയാണ്.

**ജീവിതം പകർന്ന ഏറ്റവും വലിയ പാഠം?**

ആരോടും വിദ്വേഷം സൂക്ഷിക്കരുത്. അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ അത് പറയാം. പക്ഷേ



അതിനെ പകയാക്കി മനസ്സിൽ സൂക്ഷിച്ചാൽ അതിന്റെ ഭാരം നമ്മൾ തന്നെയാണ് വഹിക്കുന്നത്.

**നിരാശ തോന്നിയ അവസരങ്ങളുണ്ടോ?**

തീർച്ചയായും. എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടാകും.

പക്ഷേ ഇന്ന് പിന്നോട്ടുനോക്കുമ്പോൾ നഷ്ടപ്പെട്ട അവസരങ്ങളെക്കുറിച്ച് വിഷമിക്കുന്നതിനേക്കാൾ ലഭിച്ച അവസരങ്ങൾ എങ്ങനെ ഉപയോഗിച്ചു എന്നതാണ് പ്രധാനമെന്ന് തോന്നുന്നു.

ജീവിതം നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ എല്ലായ്പ്പോഴും നടക്കില്ല. അതിനോട് പൊരുത്തപ്പെടാനും പുതിയ വഴി കണ്ടെത്താനും പഠിക്കണം.

**75 വയസ്സിലും ഇപ്പോഴും ടാക്സ് പ്രാക്ടീസും ക്ലാസുകളും പൊതുപ്രവർത്തനവും തുടരുന്നു. വിശ്രമത്തെക്കുറിച്ച് ചിന്തിക്കാറില്ലേ?**

എനിക്ക് ജോലി തന്നെയാണ് വിശ്രമം.

വെറുതെ ഇരിക്കുന്നത് എനിക്ക് ബുദ്ധിമുട്ടാണ്. മനസ്സും ശരീരവും സജീവമായിരിക്കണം. 'You use it or lose it' എന്നതിലാണ് വിശ്വസിക്കുന്നത്.

ഉപയോഗിക്കാത്ത കഴിവ് പതുക്കെ നഷ്ടപ്പെടും. അതുകൊണ്ട് എന്തെങ്കിലും ചെയ്യണം.






എഴുതാം, വായിക്കാം, പഠിക്കാം, മറ്റുള്ളവരെ പഠിപ്പിക്കാം. രണ്ട് പേജ് എന്തെങ്കിലും എഴുതിയാലും അത് മനസ്സിന് ഒരു വ്യായാമമാണ്.

ജീവിതത്തിൽ കടന്നുപോകുന്ന ഒരു ദിവസവും തിരിച്ചുകിട്ടില്ല. അതുകൊണ്ട് ഓരോ ദിവസവും കഴിയുന്നത്ര പ്രയോജനകരമാക്കണം.

## കുടുംബത്തെക്കുറിച്ച് ?

കുടുംബം എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ശക്തിയാണ്. എനിക്ക് നാല് മക്കളും പത്ത് കൊച്ചുമക്കളുമുണ്ട്.

മൂത്ത മകൾ ഡോ. ലിസ്സി തോമസ് . ലൂക്ക്, തോമസ്, സെലാ എന്നിവരാണ് അവളുടെ മൂന്ന് മക്കൾ.

രണ്ടാമത്തെ മകൻ ലിറ്റൻ തോമസ്, ഭാര്യ ഡോ. ബെറ്റ്സി തോമസ്. നിക്കോളസ്, ജെറമിയ, നതാലി എന്നിവരാണ് അവരുടെ മൂന്ന് മക്കൾ.

മൂന്നാമത്തെ മകൾ അറ്റോർണി ലിൻസി ജേക്കബ്. ഭർത്താവ് സോണി ജേക്കബ്. അവർക്ക് അന്നാമേരി എന്ന ഒരു മകളുണ്ട്.

നാലാമത്തെ മകൻ ലെവൻ തോമസ്, ഭാര്യ ഡോ. ടീന മാത്യു തോമസ്. ഇവാഞ്ചലിൻ, എസെക്കിയേൽ, എല്ലിസ് എന്നിവരാണ് അവരുടെ മൂന്ന് മക്കൾ.

മക്കൾ ഓരോരുത്തരും അവരവരുടെ മേഖലകളിൽ മുന്നേറുന്നത് കാണുന്നത് വലിയ സന്തോഷമാണ്. അവർക്ക് അവരുടെ ജീവിതമുണ്ട്. അവരുടെ നേട്ടങ്ങൾ കാണുമ്പോൾ അഭിമാനം തോന്നും.

മക്കൾക്ക് ഞാൻ നൽകാൻ ആഗ്രഹിക്കുന്ന ഏറ്റവും വലിയ പാരമ്പര്യം സ്വത്തല്ല; മൂല്യങ്ങളാണ്. മറ്റുള്ളവരെ ബഹുമാനിക്കുക, പ്രയാസത്തിലായവരെ സഹായിക്കുക, പഠനം ഒരിക്കലും അവസാനിപ്പിക്കാതിരിക്കുകഇവയാണ് ഞാൻ അവരോട് പറയാറുള്ളത്.

## അമേരിക്കൻ മലയാളികൾ 'പി.റ്റി.ച്ചായൻ' എന്ന് വിളിക്കുമ്പോൾ എന്താണ് തോന്നുന്നത്?

അത് വലിയൊരു സ്നേഹമാണ്.

ഒരു ഔദ്യോഗിക പദവിയേക്കാളും വലിയതാണ് ഒരാൾ നമ്മളെ സ്വന്തം ആളായി കാണുന്നത്. വിഷമമുണ്ടാകുമ്പോൾ വിളിക്കാം, എന്തെങ്കിലും സഹായം വേണമെങ്കിൽ സംസാരിക്കാം എന്ന് ആളുകൾക്ക് തോന്നുന്നുണ്ടെങ്കിൽ അതാണ് എനിക്ക് ലഭിച്ച ഏറ്റവും വലിയ അംഗീകാരം.

## അമേരിക്കയിലെ മലയാളി സമൂഹത്തെ നാല് പതിറ്റാണ്ടിലേറെ അടുത്തുനിന്ന് കണ്ട വ്യക്തിയാണ് താങ്കൾ. ഇപ്പോഴത്തെ തലമുറയോട് എന്താണ് പറയാനുള്ളത്?

നമ്മുടെ കുട്ടികൾ അമേരിക്കൻ സമൂഹത്തിന്റെ ഭാഗമാണ്. അതേ സമയം അവരുടെ ഭാഷയും സംസ്കാരവും വേരുകളും അവർ മറക്കരുത്. മലയാളം സംസാരിക്കുക. മാതാപിതാക്കളെയും മുതിർന്നവരെയും ബഹുമാനിക്കുക. സമൂഹവുമായി ബന്ധം



നിലനിർത്തുക. അതോടൊപ്പം അമേരിക്കൻ സമൂഹത്തിന്റെ മുഖ്യധാരയിലും സജീവമായി പങ്കെടുക്കുക.

**ജീവിതത്തിലെ ഉയർച്ചതാഴ്ചകൾ ഉൾപ്പെടുത്തി ഒരു ആത്മകഥ എഴുതണമെന്ന ആഗ്രഹമുണ്ടോ?**

50-ാം ജന്മദിനത്തിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കണമെന്നായിരുന്നു അന്നത്തെ ആഗ്രഹം. ഇപ്പോൾ 75-ാം വയസ്സിലെത്തിയപ്പോഴും ഒരു പുസ്തകം പ്രസിദ്ധീകരിക്കണം എന്ന് ആഗ്രഹിച്ചിരുന്നു. പക്ഷേ, പല കാരണങ്ങളാൽ ഇതുവരെ അത് സാധിച്ചിട്ടില്ല.

സത്യത്തിൽ, എഴുത്തുമായി എനിക്ക് വളരെ ചെറുപ്പത്തിലേ ബന്ധമുണ്ട്. എന്റെ 17-ാം വയസ്സിൽ തന്നെ ഞാൻ ഒരു നോവൽ എഴുതിയിരുന്നു. 'ഇല വാടാത്ത മരം' എന്നായിരുന്നു അതിന്റെ പേര്.

അന്നത്തെ കാലത്ത് ഇന്നത്തെപ്പോലെ കമ്പ്യൂട്ടറോ ഡിജിറ്റൽ കോപ്പികളോ ഒന്നുമില്ലല്ലോ. കൈകൊണ്ടാണ് എഴുതേണ്ടത്. ആ നോവലിന്റെ രണ്ട് കോപ്പി



കൾ കൈയെഴുത്തായി തയ്യാറാക്കി. അതിൽ ഒരു കോപ്പി സിനിമയാക്കാൻ താൽപര്യമുണ്ടെന്ന് പറഞ്ഞ ഒരാൾക്ക് കൊടുത്തു. മറ്റൊരു കോപ്പി പ്രസിദ്ധീകരിക്കാമെന്ന് പറഞ്ഞ് ഒരാൾ കൊണ്ടുപോയി.

ആ നോവൽ സിനിമയായതുമില്ല, പ്രസിദ്ധീകരിച്ചതുമില്ല. ആ രണ്ട് കോപ്പികളും എനിക്ക് തിരികെ ലഭിച്ചതുമില്ല. അതോടെ ആ ശ്രമം അവിടെ അവസാനിച്ചു.

അതിനുശേഷം വീണ്ടും എഴുതണമെന്ന ആഗ്രഹം പലപ്പോഴും ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇതുവരെ അതിനൊത്ത സമയം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ഒരു മനുഷ്യന്റെ ജീവിതം വിജയങ്ങളുടെ മാത്രം കഥയല്ലല്ലോ. പരാജയങ്ങളും നഷ്ടങ്ങളും തിരിച്ചടികളും നമ്മളെ പഠിപ്പിക്കുന്ന പാഠങ്ങൾ കൂടിയാണ്. അതുകൊണ്ട് തന്നെ എന്റെ ജീവിതാനുഭവങ്ങൾ മറ്റൊരാൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ എഴുതാൻ കഴിഞ്ഞാൽ അതിന് വലിയ അർത്ഥമുണ്ടാകും.

എഴുതണം എന്ന ആഗ്രഹം ഇപ്പോഴും മനസ്സിലുണ്ട്. സമയം കിട്ടിയാൽ തീർച്ചയായും അത് പൂർത്തിയാക്കണം.



**ജീവിതത്തെക്കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാടിൽ മനഃശാസ്ത്രപരമായ ഒരു സമീപനവും കാണാം. എറിക് എറിക്സന്റെ 'Generativity vs. Stagnation' എന്ന ആശയത്തെക്കുറിച്ച് താങ്കൾ പലപ്പോഴും പറയാറുണ്ട്. അതിനെ എങ്ങനെയാണ് താങ്കളുടെ ജീവിതവുമായി ബന്ധിപ്പിക്കുന്നത്?**

എറിക് എറിക്സന്റെ മനുഷ്യ വികസനത്തെക്കുറിച്ചുള്ള സിദ്ധാന്തത്തിൽ എട്ട് ഘട്ടങ്ങളാണ് പറയുന്നത്. അതിൽ പ്രായപൂർത്തിയായ ജീവിതത്തിലെ ഒരു പ്രധാന ഘട്ടമാണ് 'Generativity vs. Stagnation'. ഏകദേശം 25 മുതൽ 65 വയസ്സുവരെയുള്ള കാലഘട്ടമായി ഇതിനെ കാണാം; ചിലർ പ്രായപരിധിയിൽ ചെറിയ വ്യത്യാസങ്ങൾ പറയാറുണ്ട്.

എന്റെ കാഴ്ചപ്പാടിൽ, ജീവിതത്തിലെ ഈ കാലഘട്ടം നമ്മൾ കഠിനാധ്വാനം ചെയ്യാനും, സമൂഹത്തിനും കുടുംബത്തിനും എന്തെങ്കിലും തിരികെ നൽകാനും, ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകാനും ലഭിക്കുന്ന വലിയൊരു അവസരമാണ്. ആ അവസരം നന്നായി ഉപയോഗിക്കണം.

ഈ കാലഘട്ടത്തിൽ നമ്മൾ എന്ത് ചെയ്യുന്നു എന്നത് പിന്നീട് ജീവിതത്തെ എങ്ങനെ കാണുന്നു എന്നതിലും സ്വാധീനം ചെലുത്തും. 65 വയസ്സിന് ശേഷമുള്ള ഘട്ടത്തെ എറിക്സൻ 'Ego Integrity vs. Despair' എന്നാണ് വിശേഷിപ്പിക്കുന്നത്. പിന്നിട്ട ജീവിതത്തെ സംതൃപ്തിയോടെ സ്വീകരിക്കാനും, താൻ ജീവിച്ച ജീവിതത്തിന് അർത്ഥമുണ്ടെന്ന് തോന്നാനും കഴിയുന്നതാണ് അവിടെ പ്രധാനപ്പെട്ടത്.



അതുകൊണ്ട് 25 മുതൽ 50, 60, 65 വയസ്സുവരെയുള്ള കാലം വെറുതെ കളയാനുള്ള സമയമല്ല. പ്രവർത്തിക്കാനും പഠിക്കാനും അധ്വാനിക്കാനും കുടുംബത്തിനും സമൂഹത്തിനും വേണ്ടി എന്തെങ്കിലും ചെയ്യാനും കഴിയുന്ന കാലമാണ്. ആ അവസരം നന്നായി ഉപയോഗിച്ചാൽ പ്രായമാകുന്ന സമയത്ത് ജീവിതത്തെ സംതൃപ്തിയോടെ തിരിഞ്ഞുനോക്കാൻ കഴിയും.

അല്ലാതെ ആ കാലഘട്ടം നിരാശയിലും അലസതയിലും സംഘർഷങ്ങളിലും മാത്രം ചെലവഴിച്ചാൽ പിന്നീട് ജീവിതത്തെക്കുറിച്ച് നിരാശ തോന്നാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഓരോ പ്രായത്തിനും അതിന്റേതായ ഉത്തരവാദിത്വമുണ്ട്. നമുക്ക് ലഭിക്കുന്ന സമയത്തെ എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് പ്രധാനപ്പെട്ടത്.

**താങ്കളുടെ കാഴ്ചപ്പാടിൽ ഒരു 'വിജയകരമായ ജീവിതം' എന്ന് പറയുന്നത് എന്താണ്?**

എന്നെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ ഏറ്റവും വലിയ വിജയം മനസ്സിന്റെ സന്തോഷമാണ്.



എപ്പോഴും മനസ്സിന് സന്തോഷത്തോടുകൂടി ജീവിക്കാൻ കഴിയുന്ന ഒരാളുടെ ജീവിതം വിജയകരമാണ്. അതിനുശേഷമാണ് കുടുംബം, മക്കൾ, അവരുടെ സന്തോഷം, സാമ്പത്തികമായ സ്വാതന്ത്ര്യം തുടങ്ങിയ കാര്യങ്ങൾ വരുന്നത്.

സാമ്പത്തികമായി മറ്റൊരാളെ ആശ്രയിക്കേണ്ടിവരാത്ത അവസ്ഥയും പ്രധാനമാണ്. പക്ഷേ അതിനേക്കാളൊക്കെ വലുതാണ് മനസ്സിന്റെ സന്തോഷം.

ഒരുപാട് പണം സമ്പാദിച്ചിട്ടും മനസ്സിന് സന്തോഷമില്ലെങ്കിൽ അതിനെ പൂർണമായ വിജയമെന്ന് ഞാൻ കരുതുന്നില്ല. മറിച്ച്, കുടുംബത്തോടൊപ്പം സന്തോഷത്തോടെ ജീവിക്കാനും, മറ്റുള്ളവർക്ക് ഉപകാരപ്പെടാനും, സ്വന്തം കാലിൽ നിൽക്കാനും, മനസ്സമാധാനത്തോടെ ജീവിതത്തെ നോക്കിക്കാണാനും കഴിയുന്നുണ്ടെങ്കിൽ അതാണ് യഥാർത്ഥ വിജയം.

അവസാനം, ഒരാളുടെ ജീവിതം എത്ര സമ്പാദിച്ചു എന്നതു കൊണ്ട് മാത്രം അളക്കേണ്ടതല്ല. എത്ര സന്തോഷത്തോടെ ജീവിച്ചു, എത്ര പേരുടെ ജീവിതത്തിൽ നല്ലൊരു സ്വാധീനം ചെലുത്താൻ കഴിഞ്ഞു എന്നതും പ്രധാനമാണ്.

### 75-ാം വയസ്സിലെ സ്വപ്നം?

സ്വപ്നങ്ങൾ അവസാനിച്ചിട്ടില്ല.

പൊതുസേവനത്തിൽ ചെയ്യാനുള്ള കാര്യങ്ങൾ ഇനിയും ഉണ്ട്. സമൂഹത്തിനായി ചെയ്യാനുള്ള കാര്യങ്ങളുണ്ട്. യുവതലമുറയുമായി കൂടുതൽ ഇടപെടണം. വിദ്യാഭ്യാസം, ഭാഷ, സാമൂഹിക സേവനം തുടങ്ങിയ മേഖലകളിൽ കൂടുതൽ കാര്യങ്ങൾ ചെയ്യണം.

പ്രായം കൂടുന്നു എന്നത് ഒന്നും ചെയ്യാതിരിക്കാനുള്ള കാരണമാകരുത്.

### ഇനി വരുന്ന ജീവിതത്തെ എങ്ങനെയാണ് കാണുന്നത്?

എത്ര ദിവസം ജീവിക്കുമെന്ന് നമുക്ക് അറിയില്ല. പക്ഷേ എങ്ങനെ ജീവിക്കണമെന്ന് തീരുമാനിക്കാൻ നമുക്ക് കഴിയും.

ഇനി വരുന്ന ഓരോ ദിവസവും കഴിയുന്നത്ര അർത്ഥവത്താക്കണമെന്നാണ് ആഗ്രഹം. എനിക്ക് ലഭിച്ച അനുഭവങ്ങൾ മറ്റൊരാൾക്ക് പ്രയോജനപ്പെടുന്നുവെങ്കിൽ അതാണ് ഏറ്റവും വലിയ സന്തോഷം.

പി.റ്റി.ച്ചായനെ സ്നേഹിക്കുന്ന അമേരിക്കൻ മലയാളി സമൂഹത്തോട് എന്താണ് പറയാനുള്ളത്?

എന്നെ സ്നേഹിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന എല്ലാവരോടും നന്ദിയുണ്ട്.

ഈ ദൂരം ഞാൻ ഒറ്റയ്ക്ക് എത്തിയതല്ല. ഒരുപാട് ആളുകൾ വഴിയിൽ കൂടെയുണ്ടായിരുന്നു. സുഹൃത്തുക്കൾ, സഹപ്രവർത്തകർ, സംഘടനാ പ്രവർത്തകർ, കുടുംബാംഗങ്ങൾ എല്ലാവരുടെയും സ്നേഹവും പിന്തുണയും എന്റെ ജീവിതത്തിന്റെ ഭാഗമാണ്.

എന്നെ 'പി.റ്റി.ച്ചായൻ' എന്ന് വിളിക്കുന്ന സ്നേഹമാണ് എന്റെ ഏറ്റവും വലിയ സമ്പത്ത്.

പി.റ്റി. തോമസിന്റെ 75-ാം ജന്മദിനം ഒരു പ്രായത്തിന്റെ ആഘോഷം മാത്രമല്ല; പ്രതിസന്ധികളെ അതിജീവിച്ച ഒരു ജീവിതത്തിന്റെ, മനുഷ്യബന്ധങ്ങൾക്ക് നൽകിയ വിലയുടെ, സേവനത്തിലൂടെ കണ്ടെത്തിയ സംതൃപ്തിയുടെ വലിയൊരു പാഠമാണ്.



# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®

You're in good hands.

CALL

**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

# 8 പേർക്ക് കേരള സെന്ററിന്റെ അവാർഡ്










എൽമണ്ട്, ന്യൂയോർക്ക് സമൂഹനന്മക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരും തങ്ങളുടെ പ്രവർത്തന മേഖലകളിൽ പ്രതിഭ തെളിയിച്ചവരുമായ എട്ട് മലയാളികളെ കേരള സെന്റർ അവാർഡ് നൽകി ആദരിക്കും .

ഒക്ടോബർ 24 ശനിയാഴ്ച്ച 5:00 – ന് കേരള സെന്റർ ഓഡിറ്റോറിയത്തിൽവച്ച് നടക്കുന്ന മുപ്പത്തിനാലാമത് വാർഷിക അവാർഡ് ദാന ചടങ്ങിൽവച്ച് ഇവരെ ആദരിക്കുന്നതാണ്. അമേരിക്കയിലെയും കേരളത്തിലെയും സാമൂഹ്യസാംസ്ക്കാരികരാഷ്ട്രീയ നേതാക്കൾ പങ്കെടുക്കും.

‘പ്രഗൽഭരും സമൂഹനന്മക്കുവേണ്ടി പ്രവർത്തിക്കുന്നവരുമായ അമേരിക്കൻ മലയാളികളെ കേരള സെന്റർ 1992 മുതൽ ആദരിച്ചുവരുന്നു. എല്ലാ വർഷവും അവാർഡ് നോമിനികളെ ക്ഷണിക്കുകയും അവരിൽനിന്ന് ഓരോ കാറ്റഗറിയിലെ ഏറ്റവും യോഗ്യരായവരെ അവാർഡ് സെലക്ഷൻ കമ്മിറ്റി എതിരില്ലാതെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഈ

വർഷം തെരഞ്ഞടുക്കപ്പെട്ടവരും കഴിഞ്ഞ വർഷങ്ങളിലെപ്പോലെ പ്രതിഭാസമ്പന്നർ തന്നെയാണ്'' – കേരള സെന്റർ ട്രസ്റ്റി ബോർഡ് ചെയർമാനും അവാർഡ് കമ്മിറ്റി മെമ്പറുമായ ഡോ. തോമസ് എബ്രഹാം പ്രസ്താവിച്ചു.

'സ്വന്തം പ്രവർത്തനരംഗത്ത് പ്രതിഭ തെളിയിക്കുകയും മറ്റുള്ളവർക്ക് നന്മ ചെയ്ത് സമൂഹ പുരോഗതിക്ക് സംഭാവന ചെയ്യുകയും ചെയ്യുന്ന അമേരിക്കൻ മലയാളികളെ ആദരിക്കുന്നതിൽ കേരള സെന്ററിന് വളരെ സന്തോഷമുണ്ടെന്നും, അവരുടെ മാതൃക മറ്റുള്ളവർക്ക് ഒരു പ്രചോദനം ആണെന്നും' ഡയറക്ടർ ബോർഡിന്റെയും അവാർഡ് കമ്മിറ്റിയുടെയും ചെയർമാനായ ഡോ. മധു ഭാസ്കരൻ തന്റെ പ്രസ്താവനയിൽ പറഞ്ഞു.

ഡോ. തോമസ് എബ്രഹാം, ഡോ. മധു ഭാസ്കരൻ എന്നിവർക്കുപുറമെ, വർക്കി ഏബ്രഹാം, ഡെയ്സി പി. സ്റ്റീഫൻ, ഡോ. മേരിലിൻ ജോർജ് എന്നിവരായിരുന്നു അവാർഡ് കമ്മിറ്റി അംഗങ്ങൾ.

ഈ വർഷം ആദരിക്കപ്പെടുന്നവരും അവരുടെ പ്രവർത്തന മേഖലയും:

ലെജിസ്ലേറ്റർ ആനന്ദ് നമ്പ്യാർ – രാഷ്ട്രീയ നേതൃത്വം & മുഖ്യ പ്രഭാഷകൻ

ഡോ. ജോ വർഗീസ് – മെഡിസിൻ

ഡോ. ബീന എസ്. പീറ്റേഴ്സ് – നഴ്സിംഗ് നേതൃത്വം

ഡോ. ഗിരീഷ് കുമാർ പണിക്കർ – അപ്ലൈഡ് സയൻസ്

ടി. എസ്. നന്ദകുമാർ – പെർഫോമിംഗ് ആർട്സ്

സിബി ഡേവിഡ് – കമ്മ്യൂണിറ്റി സർവീസ്

പ്രിൻസ് ജോൺസൺ – വിദ്യാഭ്യാസം,




ജോസ് ചെരിപുറം – സാഹിത്യം

കഴിഞ്ഞ മുപ്പത്തിമൂന്ന് വർഷങ്ങളിൽ കേരള സെന്റർ ആദരിച്ച 195 – ഓളം അമേരിക്കൻ മലയാളികൾ കൂടുതൽ ഉയരങ്ങളിൽ എത്തുവാൻ ശ്രമിക്കുന്നതിലും സേവനത്തിന്റെ പാതയിലൂടെ മുന്നോട്ട് പോകുന്നതിലും വളരെ സന്തോഷമുണ്ടെന്ന് പ്രസിഡന്റ് അലക്സ് എസ്തപ്പാൻ പറഞ്ഞു.

അവാർഡ്ദാന ചടങ്ങിനോടനുബന്ധിച്ച് വൈവിധ്യമാർന്ന കലാപരിപാടികളും അത്താഴവിരുന്നും ഉണ്ടായിരിക്കും. ഈ പുരസ്കാര ചടങ്ങിൽ പങ്കെടുക്കുവാൻ നിങ്ങൾ ഓരോരുത്തരെയും കേരള സെന്ററിലേക്ക് ഹാർദ്ദവമായി ക്ഷണിക്കുന്നു.

നിങ്ങളുടെ സീറ്റ് റീസർവ് ചെയ്യുവാൻ കേരള സെന്ററുമായി ബന്ധപ്പെടുക:, email: kc@keralacenterny.com, ഫോൺ 516 358 2000.

കൂടുതൽ വിവരങ്ങൾക്ക്

ബന്ധപ്പെടുക: അലക്സ് കെ. എസ്തപ്പാൻ, പ്രസിഡന്റ് – 516 503 9387, രാജു തോമസ്, സെക്രട്ടറി – 516 434 0669

### ലെജിസ്ലേറ്റർ ആനന്ത് നമ്പ്യാർ – രാഷ്ട്രീയ നേതൃത്വം



ആനന്ത് നമ്പ്യാർ വെസ്റ്റ്ചെസ്റ്റർ കൗണ്ടി, ന്യൂയോർക്ക് ഡിസ്ട്രിക്റ്റ് 7 – നെ പ്രതിനിധീകരിക്കുന്ന ലെജിസ്ലേറ്ററാണ്. 2025 ൽ തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കൗണ്ടിയിലെ ആദ്യത്തെ ദക്ഷിണേഷ്യൻ അമേരിക്കനും ഹിന്ദുമതവിശ്വാസിയുമായ അംഗമാണ്. മുമ്പ്, അമേരിക്കൻ എക്സ്പ്രസ്, മാസ്റ്റർകാർഡ്, സിൻക്രൊണി ഫിനാൻഷ്യൽ എന്നിവയിൽ 25 വർഷം പ്രവർത്തിച്ച പരിചയസമ്പന്നനായ ഒരു ഫിനാൻഷ്യൽ എക്സിക്യൂട്ടീവായിരുന്നു അദ്ദേഹം. അവിടെ ഗ്ലോബൽ സ്ട്രാറ്റജി ആൻഡ് പ്രൊഡക്ട് ടീമുകളെ നയിച്ച അദ്ദേഹം ഇന്നോവേഷനുള്ള 12 യുഎസ് പേറ്റന്റുകൾ നേടിയിട്ടുണ്ട്. മാമറോനെക്ക് സ്കൂളിന്റെയും ടൗണിന്റെയും ബോർഡുകളിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. അവിടെ അദ്ദേഹം സാമ്പത്തിക സ്ഥിരത, യൂണിയൻ ചർച്ചകൾ, ഉത്തരവാദിത്തമുള്ള ഭവന വളർച്ച എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചത്. കനേഡിയൻ സർവകലാശാലകളിൽ നിന്നുള്ള എഞ്ചിനീയറിംഗ് ബിരുദവും അതോടൊപ്പം എംബിഎ ബിരുദവും അദ്ദേഹത്തിനുണ്ട്.

### ഡോ. ജോ വർഗീസ് വൈദ്യശാസ്ത്രം



സ്റ്റോണി ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽ ന്യൂറോളജി വിഭാഗത്തിലെ ചെയർമാനും ഡിസ്റ്റിംഗ്വിഷ്ഡ് യൂണിവേഴ്സിറ്റി പ്രൊഫസറുമാണ് ഡോ. ജോ വർഗീസ്. ബാംഗ്ലൂരിലെ സെന്റ് ജോൺസ് മെഡിക്കൽ കോളജിൽനിന്ന് ബിരുദം നേടിയ അദ്ദേഹം യുകെയിൽ ബിരുദാനന്തര പരിശീലനം പൂർത്തിയാക്കി. തുടർന്ന് ന്യൂയോർക്കിലെ ആൽബർട്ട് ഐൻസ്റ്റീൻ കോളജ് ഓഫ് മെഡിസിനിൽനിന്ന് റെസിഡൻസി, ഫെലോഷിപ്പുകൾ, ക്ലിനിക്കൽ റിസർച്ച് മെത്തേഡുകളിൽ ബിരുദാനന്തര ബിരുദം എന്നിവ നേടി. പ്രമുഖ ജേർണലുകളിൽ 350-ലധികം പ്രസിദ്ധീകരണങ്ങളുള്ള അദ്ദേഹത്തിന്റെ നിലവിലെ പ്രവർത്തനങ്ങളിൽ നോൺ-ഫാർമക്കോളജിക് ഡിമെൻഷ പ്രിവൻഷൻ, ആഗോള ഡിമെൻഷ ഗവേഷണം, കുടിയേറ്റംകൊണ്ട് കോഗ്നിഷനിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളെ പരിശോധിക്കുന്ന എൻ ഐ എച്ച് ധനസഹായത്തോടെയുള്ള 'അക്കരെ' (AKKARE) പഠനം എന്നിവ ഉൾപ്പെടുന്നു.

### ഡോ. ബീന എസ്. പീറ്റേഴ്സ്, DNP, RN, MS, FACHE, FABC, FAAN - നഴ്സിംഗ് ലീഡർഷിപ്പ്



ഡോ. ബീന പീറ്റേഴ്സ് യുഎസ്എയിലെ മൂന്നാമത്തെ വലിയ പൊതുജനാരോഗ്യ സംവിധാനമായ കുക്ക് കൗണ്ടി (ചിക്കാഗോ) ഹെൽത്തിലെ സിസ്റ്റം ചീഫ് നഴ്സിംഗ് എക്സിക്യൂട്ടീവ് ആയിരുന്നു. ആരോഗ്യ സാങ്കേതിക കമ്പനിയായ എച്ച്ആർടിഎൽവൈ ഇൻകോർപ്പറേറ്റഡിന്റെ (HRTLY, Inc.) സഹസ്ഥാപകയും ചീഫ് ക്ലിനിക്കൽ ഓഫീസറുമാണ്.

ഡോ. പീറ്റേഴ്സ് അമേരിക്കൻ കോളജ് ഓഫ് ഹെൽത്ത്കെയർ എക്സിക്യൂട്ടീവ്സ്, അമേരിക്കൻ അക്കാദമി ഓഫ് നഴ്സിംഗ്, ദി അഡ്വൈസറി ബോർഡ് എന്നിവയുടെ ഫെലോയും ജോൺസൺ & ജോൺസൺ നഴ്സ് ഇന്നൊവേഷൻ ഫെലോയുമാണ്. യുഐസി കോൺ എക്സ്റ്റേണൽ അഡ്വൈസറി ബോർഡ്, യുഐസി എംഎച്ച്എ അഡ്വൈസറി ബോർഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിസിൻ ചിക്കാഗോ (ഐഒഎംസി) ബോർഡ് ഓഫ് ഗവർണേഴ്സ്, എക്സിക്യൂട്ടീവ് ബോർഡ് എന്നിവയുൾപ്പെടെ നിരവധി കമ്മ്യൂണിറ്റിവിദ്യാഭ്യാസ ബോർഡുകളിൽ അവർ

സേവനമനുഷ്ഠിക്കുന്നു. ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയിയുടെ സ്ഥാപക പ്രസിഡന്റും കെസിഡബ്ല്യുഎഫ്എൻഎ ദേശീയ പ്രസിഡന്റുമായിരുന്നു.

### ഡോ. ഗിരീഷ് കുമാർ പണിക്കർ – അപ്ലൈഡ് സയൻസ്



ഡോ. ഗിരീഷ് പണിക്കർ ഹോർട്ടികൾച്ചറൽ വിളകളെക്കുറിച്ചുള്ള സി-ഫാക്ടർ (കവർ ആൻഡ് മാനേജ്മെന്റ്) ഗവേഷണത്തിൽ പ്രാവീണ്യമുള്ള അന്താരാഷ്ട്രതലത്തിൽ പ്രശസ്തനായ കാർഷിക ശാസ്ത്രജ്ഞനാണ്. മിസിസിപ്പിയിലെ ആൽകോൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ പ്ലാന്റ് ആൻഡ് സോയിൽ സയൻസിൽ പ്രൊഫസറും യുഎസ്ഡിഎ കൺസർവേഷൻ റിസർച്ച് സെന്ററിന്റെ ഡയറക്ടറുമാണ്. 2001-ൽ ഹോർട്ടികൾച്ചറൽ വിളകളെക്കുറിച്ചുള്ള ആദ്യത്തെ കവർ ആൻഡ് മാനേജ്മെന്റ് ഗവേഷണത്തെക്കുറിച്ചുള്ള ടെക്നോളജി ട്രാൻസ്ഫർ ബുള്ളറ്റിൻ അദ്ദേഹം പുറത്തിറക്കി. 42 പേജുള്ള ഈ പ്രസിദ്ധീകരണം മിക്ക ലാൻഡ്-ഗ്രാന്റ് സർവകലാശാലകളും സ്വീകരിച്ചു. വാഷിംഗ്ടൺ ഡിസിയിലെ ലൈബ്രറി ഓഫ് കോൺഗ്രസിലും ലഭ്യമാണ്. മിസിസിപ്പി അക്കാദമി ഓഫ് സയൻസസിന്റെ (എഫ്എംഎഎസ്) ഫെലോ. 1995-ലെ സോയിൽ ആൻഡ് വാട്ടർ കൺസർവേഷൻ സൊസൈറ്റി ഓഫ് അമേരിക്കയുടെ (എസ്ഡബ്ല്യുസിഎസ്) ചാപ്റ്റർ അവാർഡ്, 2011-ലെ പ്രൈഡ് ഓഫ് ഇന്ത്യ അവാർഡ്, 2020-ലെ അമേരിക്കൻ സൊസൈറ്റി ഓഫ് അഗ്രോണമിയുടെ ലൈഫ് ടൈം ഓർഗാനിക് അച്ചീവ്മെന്റ് അവാർഡ്, 2023-ലെ ഇന്റർനാഷണൽ കൺസർവേഷൻ റിസർച്ച് അവാർഡ് ഓഫ് ദി അമേരിക്കാ ഓഫ് സോയിൽ ആൻഡ് വാട്ടർ കൺസർവേഷൻ സൊസൈറ്റി (എസ്ഡബ്ല്യുസിഎസ്), 2026-ലെ ഇന്ത്യയിൽ നിന്നുള്ള ഗ്ലോബൽ രത്ന അവാർഡ് എന്നിവ നേടിയിട്ടുണ്ട്.

### ടി. എസ്. നന്ദകുമാർ – പെർഫോമിംഗ് ആർട്സ്



ടി.എസ്. നന്ദകുമാർ കേന്ദ്ര സംഗീതനാടക അക്കാദമി അവാർഡും മറ്റ് നിരവധി ബഹുമതികളും നേടിയിട്ടുള്ള പ്രശസ്ത കലാകാരനാണ്. ബോംബെ നന്ദകുമാർ എന്നും അറിയപ്പെടുന്ന ടിഎസ്എൻ അന്താരാഷ്ട്രതലത്തിൽ പ്രശംസ നേടിയ മൃദംഗ വിദഗ്ദ്ധൻ, അധ്യാപകൻ, സംഗീതസംവിധായകൻ, എഴുത്തുകാരൻ, ഇന്ത്യൻ ക്ലാസിക്കൽ സംഗീതത്തിന്റെ സാംസ്കാരിക അംബാസഡർ എന്നീനിലകളിൽ നിരവധി പതിറ്റാണ്ടുകളായി വിശിഷ്ട സേവനമനുഷ്ഠിക്കുന്നു. 1998-ൽ ബോംബെയിൽ സ്ഥാപിതമായതും പിന്നീട് അമേരിക്കയിലെ ന്യൂജേഴ്സിയിൽ ഇൻകോർപ്പറേറ്റ് ചെയ്തതുമായ പെർക്കസീവ് ആർട്സ് സെന്ററിന്റെ (ടിഎസ്എൻപിഎസി) സ്ഥാപകനാണ് അദ്ദേഹം. അവിടെ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. റൂട്ട്സ് ഓഫ് മൃദംഗം, ഇൻട്രിക്കസീസ് ഓഫ് മൃദംഗം, ദ അൾട്ടിമേറ്റ് കൊറുവൈസ് എന്നിവയുൾപ്പെടെ പ്രശംസ നേടിയ കൃതികൾ രചിച്ചിട്ടുണ്ട്. സംഗീതം, വിദ്യാഭ്യാസം, സാംസ്കാരിക പ്രചാരണം എന്നിവയിലെ സംഭാവനകൾക്ക് നിരവധി ബഹുമതികൾ നേടിയിട്ടുണ്ട്.

### സിബി ഡേവിഡ് – കമ്മ്യൂണിറ്റി സർവീസ്



സിബി ഡേവിഡ് നാല് പതിറ്റാണ്ടുകളായി പൊതുസേവനം, കേരളീയ കലകൾ, സംസ്കാരം, മാനവിക സംരംഭങ്ങൾ, കമ്മ്യൂണിറ്റി നേതൃത്വം എന്നിവയിൽ സ്വയം സമർപ്പിച്ചിരിക്കുന്ന വ്യക്തിയാണ്. "വേലിക്കപ്പുറമുള്ള ഐക്യം" (Unity Beyond Barri-

ers) എന്ന തന്റെ ദർശനത്താൽ നയിക്കപ്പെടുന്ന അദ്ദേഹം, സാംസ്കാരിക സംരക്ഷണം, മാനുഷിക സേവനം, സമൂഹങ്ങൾക്കിടയിലുള്ള ഐക്യം എന്നിവ പ്രോത്സാഹിപ്പിക്കുന്നത് തുടരുന്നു.

കേരളത്തിലെ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പിന്തുണയ്ക്കുന്നതിനായി 'ആർട്ട് 4 ലൈഫ്' ആരംഭിച്ചതോടൊപ്പം കലാകാരന്മാർക്കും യുവ പ്രതിഭകൾക്കുമായി നിരവധി വേദികൾ അദ്ദേഹം സൃഷ്ടിച്ചു. കലാവേദി പ്ലാറ്റ്ഫോമിലൂടെ പല കൾച്ചറൽ പ്രോഗ്രാമുകളും നടത്തി അതിൽനിന്നും കിട്ടുന്ന തുക ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്ന കാരുണ്യപ്രവർത്തനം വർഷങ്ങളായി അദ്ദേഹം തുടരുന്നു.

കോവിഡ് മഹാമാരിയുടെ കാലത്ത് ഫോമായുടെ പ്ലാറ്റ്ഫോമിലൂടെ സിബി ഡേവിഡ് നയിച്ച ഒന്നര വർഷക്കാലം നീണ്ടുനിന്ന സാന്ത്വന സംഗീതം എന്ന വീക്കിലി മ്യൂസിക്കൽ പ്രോഗ്രം അമേരിക്കയിലെ മലയാളികൾക്ക് വളരെ ആശ്വാസകരമായ ഒരനുഭവമായിരുന്നു.

കേരളസമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് എന്ന ആദ്യകാല മലയാളി സംഘടനയുടെ പ്രസിഡന്റ് ആയിരുന്നു. NYCDOT യിൽ ഡെപ്യൂട്ടി ഡയറക്ടർ ആയി ജോലി ചെയ്യുന്നു.

### പ്രിൻസ് ജോൺസൺ - എഡ്യൂക്കേഷൻ

പ്രിൻസ് ജോൺസൺ 2026-ലെ ന്യൂയോർക്ക് സ്റ്റേറ്റ് ടീച്ചർ ഓഫ് ദ ഇയർ അവാർഡും 2025-ലെ ഗിൽഡർ ലേമൻ ന്യൂയോർക്ക് ഹിസ്റ്ററി ടീച്ചർ ഓഫ് ദ ഇയർ അവാർഡും നേടിയ 27 വർഷത്തെ പരിചയസമ്പന്നനായ അധ്യാപകനാണ്. കരിയർ, സാങ്കേ



തിക വിദ്യാഭ്യാസം എന്നിവയ്ക്ക് വേണ്ടി വാദിക്കുന്ന അദ്ദേഹം ന്യൂയോർക്ക് നഗരത്തിലെ ഫുഡ് ആൻഡ് ഫിനാൻസ് ഹൈസ്കൂളിൽ സാമൂഹിക ശാസ്ത്രം പഠിപ്പിക്കുകയും NYCPS ക്ലൈമറ്റ് എഡ്യൂക്കേഷൻ ലീഡർഷിപ്പ് ടീമിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു.

റൈക്കേഴ്സ് ഐലൻഡിൽ പഠിപ്പിക്കുമ്പോൾ അദ്ദേഹം നിരീക്ഷിച്ച അനീതികളാണ് ഒരു അധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രചോദനം. ഇന്ന്, ചരിത്രം, പാചക കലകൾ, പരിസ്ഥിതി മാനേജ്മെന്റ് എന്നിവയെ ഏകീകരിക്കുന്ന ക്രോസ്- കരിക്കുലർ പ്രോജക്ടുകൾ അദ്ദേഹം വികസിപ്പിക്കുന്നു. എല്ലാ വിദ്യാർത്ഥികളെയും അവരുടെ പൂർണ്ണ ശേഷി തിരിച്ചറിയാൻ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ, കൂടുതൽ ശക്തവും നീതിയുക്തവുമായ സമൂഹങ്ങൾ സൃഷ്ടിക്കുന്നതിന് അവരുടെ കഴിവും ശബ്ദവും വിനിയോഗിക്കാൻ അദ്ദേഹം വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു.

### ജോസ് ചെരിപുറം - പ്രവാസി മലയാള സാഹിത്യം

ജോസ് ചെരിപുറം പ്രതിഭാസമ്പന്നനായ കവിയും ഹാസ്യ സാഹിത്യകാരനുമാണ്. കഥാതന്തു കണ്ടെത്തുന്നതിലും വികസിപ്പിച്ചെടുത്ത് അവതരിപ്പിക്കുന്നതിലും അസാധാരണമായ വൈഭവമുണ്ട്. സർഗ്ഗവേദി, ലാന എന്നീ സാഹിത്യക്കൂട്ടായ്മകളിൽ സജീവമാണ് അദ്ദേഹം. കാവ്യനർത്തകി (കവിതകൾ 2011), അളിയന്റെ പടവലങ്ങ (നർമ്മം 2012) എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ. അച്ചടി, ഓൺലൈൻ മാധ്യമങ്ങളിൽ കവിത, നർമ്മം, ലേഖനങ്ങൾ എന്നിവ എഴുതുന്നത് തുടരുന്നു. ഈമലയാളിയുടെ അവാർഡും 'വേൾഡ് ഓഫ് പൊയട്രി' എന്ന സംസംഘടനയുടെ 'ഗോൾഡൻ പൊയറ്റ്' എന്ന അവാർഡും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

1979 ൽ അമേരിക്കയിലേക്ക് കുടിയേറുന്നതിനുമുമ്പ്, അദ്ദേഹം ഇന്ത്യൻ വ്യോമസേനയിൽ മെഡിക്കൽ ബ്രാഞ്ചിൽ സേവനമനുഷ്ഠിച്ചു. അമേരിക്കയിൽ



എത്തിയ ശേഷം, ന്യൂയോർക്ക് സിറ്റി ഹെൽത്ത് ആൻഡ് ഹോസ്പിറ്റൽ കോർപ്പറേഷനിൽ 30 വർഷം ആർഎൻ ആയി സേവനം ചെയ്ത് വിരമിച്ചു.


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
MediaAppUSA
For more info: 1-917-662-1122 | info@medialogistics.us